

# മലങ്കരസഭാപത്രിക

മലങ്കര സഭയുടെ മുഖപത്രം

സ്ഥാപിതം 2004

വാർഷിക വരിസംഖ്യ 100 രൂപ

2010 ജൂലൈ 16–31
Vol. 6 No. 6

A Publication of the Public Relations Department, Malankara Orthodox Syrian Church


## വർഗീസ് ചെമ്മനം സംസ്ഥാനത്തെ മികച്ച ഡോക്ടർ

2010–ലെ മികച്ച ഡോക്ടർക്കുള്ള സംസ്ഥാന സർക്കാരിന്റെ അവാർഡ് മലങ്കര സഭാംഗമായ ഡോ. പി. ഐ. വർഗീസ് ചെമ്മനത്തിനാണ്. ഡോ. പി.



ഐ. വറുഗീസ് പരിശുദ്ധ മാത്യൂസ് പ്രഥമൻ ബാവായുടെയും, പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവായുടെയും ഡോക്ടറായിരുന്നു. ആതുര ശുശ്രൂഷാ രംഗത്ത് 50 വർഷം പൂർത്തിയാക്കുന്ന ഡോക്ടർക്ക് 75–ാം വയസ്സിൽ ലഭിക്കുന്ന അംഗീകാരമാണ് ഈ അവാർഡ്. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ മികച്ച ഡോക്ടർമാർക്കുള്ള അവാർഡാണ് ഇപ്പോൾ ലഭിച്ചിരിക്കുന്നത്.

കോട്ടയം മെഡിക്കൽ സെന്ററിലെ ഫിസിഷ്യനും ഡയബറ്റോളജിസ്റ്റുമാണ്.

ലോക പ്രമേഹദിനമായ നവംബർ 14–ന് സംസ്ഥാന വ്യാപകമായി നടത്തിയ പ്രമേഹ ബോധവൽക്കരണ പരിപാടി ജനശ്രദ്ധ ആകർഷിച്ചിരുന്നു. പ്രമേഹം ഉൾപ്പെടെയുള്ള വിഷയങ്ങളിലായി 5 ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്.


**മതവും സമാധാനവും**
പേജ് 7, 8

**സ്ത്രീസ്വരം**
പേജ് 8



വാർത്തകളും ചിത്രങ്ങളും അയച്ചു തരിക
E-mail
sabhapathrika@yahoo.com


# ശരീരത്തെ ദേവാലയമായി രൂപാന്തരപ്പെടുത്തണം: ശ്രേഷ്ഠ നിയുക്ത കാതോലിക്കാ



ഡൽഹി: പ്രവാസ ജീവിതത്തിനിടയിൽ വാസസ്ഥലത്തിനടുത്ത് സ്ഥാപിക്കപ്പെട്ട യാഗപീഠങ്ങൾ വ്യവസ്ഥാപിത ജീവിതത്തിലേക്ക് മാറ്റപ്പെട്ട മാനവരാശിയുടെ വളർച്ചയിൽ ദേവാലയവും ബലിപീഠവും ഏറ്റവും പ്രധാനപ്പെട്ടതാണ് എന്ന് ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ പ്രസ്താവിച്ചു. ദൈവിക ദർശനത്തിൽ കൂടി സ്ഥാപിക്കപ്പെട്ട ദേവാലയം ജീവിതവിശുദ്ധിയുടെ പൂർണ്ണതയിൽ സ്വന്തശരീരം തന്നെ ദേവാലയമായി മാറുന്ന ദൈവശാസ്ത്രം യേശുക്രിസ്തു പഠിപ്പിക്കുന്നു. ഇതിന്റെ അനുഗ്രഹങ്ങളും വിശ്വാസവും ഉൾക്കൊണ്ടുകൊണ്ട് ലോകജനത എവിടെയെല്ലാം ഉണ്ട് അവിടെ മലങ്കര സഭയും മലങ്കരയുടെ മക്കളും ദൈവീകാരാധന നടത്തിവരുന്നു. ഇത് പുരാതന ക്രൈസ്തവ സഭകളിൽ ഓർത്തഡോക്സ് സഭയുടെ പൗരാണികത വിളിച്ചോതുന്ന ഒരു സത്യമാണ്. സരിതവിഹാർ സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയുടെ രജത ജൂബിലിയാഘോഷങ്ങൾ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഡൽഹി ഭദ്രാസനാധിപൻ ജോബ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡോ. യൂഹാനോൻ മാർ ദിമെത്രയോസ് മെത്രാപ്പോലീത്താ ജൂബിലി സന്ദേശം നൽകി. ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള ജൂബിലി പ്രൊജക്ടുകളുടെ പ്രഖ്യാപനം ഡോ. യൂഹാനോൻ മാർ തെവോദോറോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു. ജൂബിലിയുടെ സ്മരണയ്ക്കായി വരും വർഷങ്ങളിൽ സാധുജനക്ഷേമത്തിനായി രൂപീകരിച്ച ഗുഡ്സമരിറ്റൻ ഫണ്ടിലേക്ക് മൂന്നു ലക്ഷം രൂപയുടെ ചെക്ക് അത്മായ ട്രസ്റ്റി ശ്രീ. എം. ജി. ജോർജ്ജ് മുത്തൂറ്റ് ശ്രേഷ്ഠ


പേജ് 3–ൽ തുടരും


## മെത്രാൻ വാഴ്ച ക്രമവിരുദ്ധം : എപ്പിസ്ക്കോപ്പൽ സിനഡ്

കോട്ടയം : മൂസാ ഗുർഗാൻ സേവേറിയോസ് മലങ്കര സഭയിൽ നടത്തിയ മേൽപ്പട്ട വാഴ്ച തികച്ചും ക്രമരഹിതവും, ഓർത്തഡോക്സ് സഭയുടെ ആഭ്യന്തര ഭരണത്തിലുള്ള അനധികൃതമായ കടന്നുകയറ്റവുമാകയാൽ ആയത് തികച്ചും അപലപനീയം ആണെന്ന് പരിശുദ്ധ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ കൂടിയ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ ഉപസമിതി യോഗം പ്രഖ്യാപിച്ചു. പരിശുദ്ധ കാതോലിക്കാ ബാവാ ഇത് സംബന്ധിച്ച് എടുക്കുന്ന നടപടികൾക്ക് എപ്പിസ്കോപ്പൽ സുന്നഹദോസ് പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു. യോഗത്തിൽ ശ്രേഷ്ഠനിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ്, ഗീവർഗീസ് മാർ ഈവാനിയോസ്, ഡോ. തോമസ് മാർ അത്താനാസ്യോസ്, ഡോ. യൂഹാനോൻ മാർ മിലിത്തോസ്, കുറിയാക്കോസ് മാർ ക്ലീമ്മീസ്, പൗലോസ് മാർ പക്കോമിയോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് എന്നിവർ പ്രസംഗിച്ചു.

## പ്രകൃതിയുടെ ദുഃസ്ഥിതിക്ക് മാറ്റം വരുത്തണം മാർ ദിമെത്രയോസ്




കോട്ടയം : മനുഷ്യന്റെ കനിവിനുവേണ്ടി കാത്തിരിക്കുന്ന പ്രകൃതിയുടെ ദുഃസ്ഥിതിക്ക് മാറ്റം വരുത്തണമെന്ന് ഓർത്തഡോക്സ് സെമിനാരിയിൽ നടന്ന ദ്വിദിന പരിസ്ഥിതി സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ഡോ. യൂഹാനോൻ മാർ ദിമെത്രയോസ് ഉദ്ബോധിപ്പിച്ചു. ബന്ധങ്ങളിലുള്ള ശൈഥില്യത്തിന്റെ നിഴൽ പ്രകൃതിയോടുള്ള ബന്ധ


പേജ് 2–ൽ തുടരും


## ക്ലേറി അച്ചന് സഭയുടെ യാത്രാമൊഴി

കോട്ടയം : സഭയുടെ ഒട്ടനവധി ആദ്ധ്യാത്മീക സാമൂഹ്യ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം കൊടുത്ത ഫാ. പി. വി. വർഗീസ് (ക്ലേറി അച്ചൻ –85) ജൂലൈ 5ന് നിര്യാതനായി. കോട്ടയം അമലഗിരി പിസ് ഹിൽ ചാപ്പലിനോടു ചേർന്നു കബറടക്കി. സഭയിലെ മെത്രാപ്പോലീത്തൻമാരും, അനേകം വൈദികരും, സാമൂഹ്യ-രാഷ്ട്രീയ നേതാക്കൻമാരും കബറടക്ക ശുശ്രൂഷയിൽ പങ്കെടുത്തു.



1926 ൽ തോന്നക്കാട് വറുഗീസിന്റെയും അന്നാമ്മയുടെയും മകനായി ജനിച്ചു. ഈ. എസ്. എൽ. സി. പഠനത്തിനു ശേഷം 16ാം വയസിൽ ബോംബെയിൽ ജോലിക്കു പ്രവേശിച്ച അദേഹം ജോലിയോടൊപ്പം കോളേജ് വിദ്യാഭാസം നടത്തി ബി. എ, എം. എ ഡിഗ്രികൾ നേടി. 10 വർഷത്തിനു ശേഷം ലണ്ടനിൽ പോയ അദ്ദേഹം വി. കെ. കൃഷ്ണമേനോൻ, വിജയലക്ഷ്മി പണ്ഡിറ്റ് എന്നീ അംബാസഡർമാരുടെ സ്റ്റെനോഗ്രാഫർ ആയി ജോലി ചെയ്തു. ലണ്ടൻ യൂണിവേഴ്സിറ്റിയിൽ നിന്ന് വേദശാസ്ത്രത്തിൽ ബിരുദം നേടി. 1956ൽ അമേരിക്കയിൽ പോയി മാസ്റ്റർ ഓഫ് സേക്രട്ട് തിയോളജിയും നേടി. നാട്ടിൽ തിരിച്ചെത്തിയ അദ്ദേഹം 1958 മുതൽ 1963 വരെ എം. ജി. ഒ. സി. എസ്. എം ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചു. 1960 മുതൽ സെമിനാരിയിൽ അദ്ധ്യാപകനായി. 1960–1974 വരെ സഭയുടെ കോർപറേറ്റ് സ്കൂൾസിന്റെ മാനേജരായിരുന്നു. കേരളാ മദ്യവർജന സമിതിയുടെ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നു. 1995 മുതൽ 1999 വരെ മാങ്ങാനം ട്രാഡായുടെ ഡയറക്ടറായി സേവനം ചെയ്തു. മലങ്കരസഭയുടെ പ്രാർത്ഥനാ യോഗത്തിന്റെ സ്ഥാപക സെക്രട്ടറിയാണ്. ഇടവക പ്രാർത്ഥനായോഗങ്ങളുടെ വളർച്ചയ്ക്ക് വളരെ സേവനങ്ങൾ ചെയ്തിട്ടുണ്ട്. സാമൂഹികസേവന പന്ഥാവിൽ അനേക രോഗികൾക്കും, അശരണർക്കും സഹായവും, ഭവനരഹിതർക്ക് വീടുകൾ വച്ചു കൊടുക്കാനും, വിവാഹം നടത്തികൊടുക്കാനും നേതൃത്വം നൽകി. സഭയുടെ പല സ്ഥാപനങ്ങളുടെയും ആരാമത്തിനും വികസനത്തിനും സാമ്പത്തിക പിന്തുണ നല്കി. വൃദ്ധരായ മാതാപിതാക്കളുടെ സഹായത്തിനായി തുടങ്ങിയ പീസ് ഹില്ലിലെ ചാപ്പലിനോട് ചേർന്നാണ് കബറടങ്ങിയത്.

# മലങ്കരസഭാപത്രിക
## എഡിറ്റോറിയൽ

## സ്വത്വം നഷ്ടപ്പെടുന്ന മതങ്ങൾ

മതം എന്നാൽ സമാധാനവും ശാന്തിയുമാണ്. അതിപുരാതന കാലം മുതൽ ഭാരതത്തിന്റെ ഹൃദയാന്തർഭാഗത്തു നിന്നുയരുന്നത് ശാന്തിക്കു വേണ്ടിയുള്ള പ്രാർത്ഥനകളായിരുന്നു. ഓരോ പ്രാർത്ഥനയും അവസാനിച്ചത് ഓംഃശാന്തിഃശാന്തിഃശാന്തി എന്ന ശാന്തിമന്ത്രത്തോടെയായിരുന്നു.

സെമിറ്റിക് മതങ്ങളിലും സമാധാനത്തിനു വേണ്ടിയുള്ള പ്രാർത്ഥകർക്കും മുഖ്യസ്ഥാനമുണ്ട്. ശാലോം, ശ്ലോമ്മോ, സലാം എന്നീ വാക്കുകൾക്കു ലഭിച്ച പ്രചാരവും, സാതുജനീനതയും ആ വാക്ക് ഉൾക്കൊള്ളുന്ന ആശയത്തിന്റെ സ്വീകാര്യതയും അഭികാമ്യതയുമാണ് വെളിപ്പെടുത്തുന്നത്.

മനുഷ്യമനസുകളിൽ മുളപ്പൊട്ടുന്ന സ്വാർത്ഥത, ആഹന്ത, ആക്രമവാസന, തുടങ്ങിയ പൈശാചികഭാവങ്ങളെ കീഴടക്കിക്കൊണ്ട് ദൈവികചിന്തകളാൽ ഭൂമിയിൽ സ്വർഗം പടുത്തുയർത്തുവാനുള്ള ആഹ്വാനങ്ങളാണ് മതങ്ങളെല്ലാം നല്ക്കുന്നത്.

മധുരോദാരവും സ്നേഹാമൃതവുമായ സമീപനം കൊണ്ട് ജീവിത്തെ ഉദാത്തവല്ക്കരിക്കുവാൻ മതങ്ങൾക്കുള്ള കഴിവ് ശ്ലാഘനീയം തന്നെയാണ്.

എന്നാൽ അടുത്തകാലത്ത് കേരളത്തിൽ സങ്കുചിതമായ മതഭ്രാന്ത് സൃഷ്ടിക്കുന്ന ദുരന്തങ്ങൾ വർദ്ധിച്ചുവരുകയാണ്. അക്രമവും മതത്തിന്റെ അന്തസത്തയെ അവഹേളിക്കുകയാണ് എന്ന തിരിച്ചറിവ് ചില സംഘടനകൾക്കെങ്കിലും നഷ്ടമായിട്ടുണ്ട്.

പരസ്പരം സംശയദൃഷ്ടിയോടെ വീക്ഷിക്കുകയും പകരം വീട്ടുവാൻ അവസരം പാർത്തിരിക്കുകയും ചെയ്യുന്ന സംഘങ്ങളായി പല മത സംഘടനകളും നിലകൊള്ളുന്നു. ഇത്തരം സംഘങ്ങളുടെ നേതൃത്വത്തിൽ ഓരോ ദിവസവും അരങ്ങേറുന്ന സംഭവങ്ങൾ സമൂഹത്തിൽ സമാധാനം ഇല്ലാതാക്കുകയാണ്. തങ്ങൾ ഏർപ്പെട്ടിരിക്കുന്നത് പൈശാചിക വൃത്തികളിലാണ് എന്ന് തിരിച്ചറിയുവാൻ മത വിശ്വാസം അവരെ സഹായിക്കുന്നില്ലേ എന്നതാണ് പരിതാപകരമായ അവസ്ഥ. മതത്തിന്റെ പേരിൽ പൈശാചിക തിന്മകളെ പിന്തുടരുന്നവർക്കു വിവേകമുണ്ടാകുകയാണ് ഇന്നത്തെ ആവശ്യം.


മലങ്കര സഭാപത്രിക
സഭയുടെ ഔദ്യോഗികപത്രം

വായിക്കുക
വരിക്കാരാകുക

വാർഷിക വരിസംഖ്യ 100 രൂപ
ആയുഷ്കാല വരിസംഖ്യ 1000 രൂപ

MO /DD/ Cheque

അയയ്ക്കേണ്ട വിലാസം
എഡിറ്റർ, മലങ്കര സഭാപത്രിക
കാതോലിക്കേറ്റ് ഓഫീസ്, ദേവലോകം,
കോട്ടയം – 686038



സ്ഥാപകൻ
പരി.ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ
രക്ഷാധികാരി
പരി.ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ കാതോലിക്കാ ബാവ
ചെയർമാൻ
ഡോ. യാക്കൂബ് മാർ ഐറേനിയസ് മെത്രാപ്പോലീത്താ
ചീഫ് എഡിറ്റർ – ഡോ. ജോർജ് ജോസഫ്
എഡിറ്റർ – ഡോ. ജോസ് പാറക്കടവിൽ
കോ-ഓർഡിനേറ്റർ – ശ്രീ. മാത്യു ചെറിയാൻ
കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
പ്രൊഫ. പി.സി. ഏലിയാസ്
അസോസിയേറ്റ് എഡിറ്റർ
ഫാ.പ്രൊഫ. ഇ.എം. ഫിലിപ്പ്
ട്രഷറർ
ശ്രീ. ഏ.കെ. തോമസ്
സബ് എഡിറ്റർ
ഫാ. യൂഹാനോൻ ജോൺ
സർക്കുലേഷൻ മാനേജർ
ശ്രീ. സി.സി. ചെറിയാൻ
അഡ്വർടൈസിംഗ് മാനേജർ
ഫാ. ജോൺ ശങ്കരത്തിൽ
ഉപദേശക സമിതി
ഡോ. സഖറിയാസ് മാർ അപ്രേം,ഫാ.ഡോ. കെ.എം. ജോർജ്,
ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്,
ശ്രീ. എം.ജി. ജോർജ് മുത്തൂറ്റ്, ഡോ. അലക്സാണ്ടർ കാരയ്ക്കൽ,
ശ്രീ. ജോർജ് വർഗീസ് ന്യൂഡൽഹി, ഡോ. കെ. രാജു ഫിലിപ്പ്,
പ്രൊഫ. ജോസ് വി. കോശി, ഫാ. ബിജു ആൻഡ്രൂസ്,
ശ്രീ. ചെറിയാൻ വർഗീസ്, ശ്രീ. തങ്കച്ചൻ കൊല്ലമല


## മനനമാധുര്യം



ഡോ. യാക്കോബ് മാർ ഐറേനിയസ്

# കണ്ണീരും കിനാവും

സ്ത്രീ വേദനപ്പെട്ട് കുഞ്ഞിനെ പ്രസവിക്കുന്നു. പ്രസവാനന്തരം, ഒരു മനുഷ്യൻ ഭൂമിയിലേക്ക് വന്നതിന്റെ സന്തോഷത്തിൽ അവൾ വേദന മറന്നുപോകുന്നു. മനുഷ്യരുടെ സഹജജീവിതത്തിലെ ഒരു രംഗമാണിത്. ദുഃഖങ്ങളുടെ കാലത്ത് അസങ്കുലിതമായ ദുഃഖം മാത്രം, സുഖകാലമുദിച്ചാലോ, മുമ്പുണ്ടായിരുന്ന ദുഃഖാനുഭവങ്ങളെല്ലാം അപ്പാടെ മറന്നുപോകുന്നു!

വലിയനോമ്പും പീഡാനുഭവവാരവുമെല്ലാം ഏറെക്കുറെ എല്ലാ വിശ്വാസികളിലും പശ്ചാത്താപവും, വീണ്ടുവിചാരവും, സംയമനവും വിനയവുമെല്ലാം മുളയ്ക്കുന്നതിനു വഴിവയ്ക്കുന്നത് സാധാരണമാണ്. എങ്കിലും ന്തോഷങ്ങളുടെ കാളിമ എതിരിടുമ്പോൾ നിരാശയാൽ മൃതപ്രായമാകുന്നതും സംസ്കൃതമനസ്സുകൾക്കു ചേർന്ന ഭാവങ്ങളല്ല. യഥാർത്ഥ മനുഷ്യത്വവും, 'യേശുക്രിസ്തുവിലുള്ള ഭാവവും' ഇവ രണ്ടിനെയും അതിർലംഘിക്കുന്നതാണ്.

നോമ്പിൽ നിന്നും അഭ്യസിക്കുന്ന പാഠങ്ങൾ, ജീവിതത്തിലെ നിഴലുകളെയും നിലാവിനെയും കടന്ന് അപ്പുറത്ത് വ്യാപരിക്കുന്ന മാനസികാവസ്ഥ കൈവരുത്തുന്നവയാണ്. വലിഞ്ഞു നിന്ന ബൈൽ ഫോണിലെ ക്യാമറയിൽ പകർത്തി രസിക്കാനാണ് ചിലർക്കെങ്കിലും താല്പര്യം. ജീവനും മരണവും അപകടവുമെല്ലാം ഇവിടെ ആഘോഷിക്കപ്പെടുന്നു. എന്തിനേറെ, പഠനവും പരീക്ഷയും, വിജയവും പരാജയവും, റാഗിംങ്ങുമെല്ലാം അവിടെ ആഘോഷങ്ങളല്ലേ?

ആത്മ നിയന്ത്രണം ശീലിപ്പിച്ച നോമ്പിന്റെ നാളുകൾ സമ്മാനിച്ച അപൂർവ്വാനുഭവങ്ങൾ എവിടെ? നോമ്പുവീടലിനു ശേഷം അണതുറന്നു വിട്ടതുപോലെയുള്ള ഒഴുക്ക് എവിടെ?

> **സന്തോഷങ്ങളുടെ കൊടുമുടിയിൽ ജീവിത ദുഃഖങ്ങളും പ്രാരാബ്ദ്ധങ്ങളും, ദുഃഖങ്ങളുടെ പടുകുഴിയിൽ പ്രത്യാശാ കിരണങ്ങളും അയവിറക്കുന്നതാണ് മനുഷ്യത്വത്തിന്റെ മഹിമയും ലക്ഷണവും. ഈ പ്രകൃതിയിൽ കലർപ്പില്ലാത്തതൊന്നുമില്ല. ഈശ്വരൻ മാത്രമേ തിന്മയുടെ കലർപ്പില്ലാതെ നന്മ മാത്രമായി സ്ഥിതിചെയ്യുന്നുള്ളൂ.**

നോമ്പുവീടലിന്റെ ആഘോഷങ്ങളും അതിനുശേഷമുള്ളവയുമായാൽ, പരിശീലിച്ച പുണ്യവും നേടിയ നന്മകളെ എവിടെപ്പോയി ഒളിച്ചെന്ന് മഷിയിട്ടുനോക്കേണ്ടിവരും. പരീക്ഷ കഴിഞ്ഞാൽ പാഠപുസ്തകവും അഭ്യാസങ്ങളും വലിച്ചെറിയുകതന്നെ, അല്ലാതെന്താ?

നോമ്പ് സമാനതകളില്ലാത്ത പുണ്യ പരിശീലന കളരിയും പാഠശാലയുമാണെന്നത് നിസ്സംശയമാണ്. ശരീരത്തിനും മനസ്സിനും അച്ചടക്കവും നിയന്ത്രണവും നടപ്പാക്കുന്ന മറ്റൊരുപാധിയില്ല. അച്ചടക്ക പർവ്വത്തിന്റെ ഇക്കാലത്ത്, ഏറെ നാളേക്ക് നിലനിൽക്കുന്ന, അഥവാ സ്ഥായിയായ നന്മകളും പുണ്യങ്ങളും അതിലൂടെ സ്വായത്തമാക്കേണ്ടതാണ്. അല്ലാഞ്ഞാൽ ചെറുപ്പം മുതൽ കടിഞ്ഞാൺ കൊണ്ട് കീഴ്പ്പെടുത്തീട്ടും സ്വാധീനപ്പെടാതെയിരിക്കുന്ന കുതിരയുടെ കഥ ആവർത്തിക്കപ്പെടും.

സന്തോഷങ്ങളുടെ കൊടുമുടിയിൽ ജീവിത ദുഃഖങ്ങളും പ്രാരാബ്ദ്ധങ്ങളും, ദുഃഖങ്ങളുടെ പടുകുഴിയിൽ പ്രത്യാശാ കിരണങ്ങളും അയവിറക്കുന്നതാണ് മനുഷ്യത്വത്തിന്റെ മഹിമയും ലക്ഷണവും. ഈ പ്രകൃതിയിൽ കലർപ്പില്ലാത്തതൊന്നുമില്ല. ഈശ്വരൻ മാത്രമേ തിന്മയുടെ കലർപ്പില്ലാതെ നന്മ മാത്രമായി സ്ഥിതിചെയ്യുന്നുള്ളൂ. അപ്പോൾ, സന്തോഷാനുഭവങ്ങളുടെ കാലത്ത് മതിമറന്നു കഴിയുന്നതും, അസ 'സ്പ്രിംഗ് ' പഴയതുപോലെയാകുന്നതല്ല 'നോമ്പുവീടൽ'. ഇടയ്ക്കിടെ അയവുവേണമെന്നത് പരമാർത്ഥമാണെങ്കിലും ആത്മനിയന്ത്രണത്തിലും ആത്മീകസംസ്ക്കാരത്തിലും മുന്നേറാനുള്ള കരുക്കൾതന്നെയാണ് നോമ്പു വിളയിക്കുന്നത്. ഇക്കാലത്ത് നമ്മുടെ ആഘോഷ-ഉല്ലാസവേളകളുടെ 'സംസ്ക്കാര' നിലവാരം ഏറെ അധഃപതിച്ചിട്ടുണ്ട്. യാതൊരു നിയന്ത്രണവുമില്ലാത്ത ഒരു സംസ്ക്കാരത്തെപുതുക്കുവാനാണ് അധികം പേരും തത്രപ്പെടുന്നതെന്നു തോന്നുന്നു. എല്ലാം ഒരു തരം ഉത്സവമാണ്. ബസ് നദിയിൽ വീണ് മനുഷ്യൻ പിടഞ്ഞു മരിക്കുന്ന രംഗത്തും, മൃതദേഹങ്ങളും ബസ്സും പൊന്തിച്ചു കൊണ്ടുവരുമ്പോൾ ഒരു കൈ സഹായിക്കാനല്ല, അത് മൊ

ദൈവപുത്രൻ നാല്പതുനാൾ തീവ്രമായ നോമ്പുപവാസങ്ങളിൽ ചെലവിട്ടു. തുടർന്ന് ആദ്യം നേരിടുന്നത് പരീക്ഷകനായ സാത്താനെയാണ്. ഈ പാഠം നാം മറക്കുവാൻ പാടുള്ളതല്ല.

നാല്പതു നാളിലെ തപസ്സ് തുടർന്നുള്ള പ്രവർത്തനങ്ങൾക്കുള്ള തയ്യാറെടുപ്പിന്റെ 'പൂർവ്വാശ്രമമ'ായിരുന്നു. സാത്താനെ നേരിടുന്നതിനുള്ള ഒരുക്കങ്ങളും അതിലുണ്ടായിരുന്നു. ഈ ഭാഗമാണ് അധികം പേരും വിസ്മരിച്ചുപോകുന്നത്. പരീക്ഷകളിൽ പട്ടുപോകാതിരിക്കാനുള്ള ആയുധവും വാക്കും നോമ്പിൽ ലഭ്യമായിരുന്നു. അവ അലങ്കാര വസ്തുക്കളല്ലാ. നേർക്കുനേരെ പ്രയോഗിക്കാനുള്ള ശസ്ത്രങ്ങൾ തന്നെയാണ്. നോമ്പിന്റെ നാളുകൾ പിന്നിട്ടിട്ടും സ്വഭാവം പഴയതുതന്നെയായി കാണപ്പെടുന്നതെങ്കിൽ 'നോക്കിയ' നോമ്പ് വൃഥാവിലായി എന്നുറപ്പാക്കാം!

'ജാനൂസ് ദേവൻ' പോലെ പിന്നിലേക്കും, മുമ്പോട്ടും കണ്ണുണ്ടായിരിക്കുന്നത് നല്ലതാണ്. കഴിഞ്ഞ കാലത്തേക്ക് കണ്ണോടിക്കാനും വരും കാലത്തെപ്പറ്റി സൂക്ഷ്മമായും പ്രത്യാശയോടെയുമിരിപ്പാനും കഴിഞ്ഞാൽ ഏറെ നന്നായി. ഈ പുനരുത്ഥാനപ്പെരുന്നാൾ, അവ്യവസ്ഥിതിയുടെയും അധർമ്മത്തിന്റെയും കൂരിരുട്ടിൽ നിന്നും മരണനിദ്രയിൽ നിന്നുമുള്ള പുനരുത്ഥാനമായി നമ്മെ സ്പർശിക്കട്ടെ!

---

പേജ് 1-ൽനിന്ന് തുടർച്ച

ത്തിലും വീണിരിക്കുന്നു എന്നും പ്രകൃതി നൽകുന്ന സംരക്ഷണത്തിന്റെ സന്ദേശം നമ്മുടെ ജീവിതത്തിലും പകർത്തണമെന്നും ഡോ. യാക്കോബ് മാർ ഐറേനിയസ് ഉദ്ബോധിപ്പിച്ചു. ഫാ. ഡോ. കെ.എം. ജോർജ്ജിന്റെ ഇന്റർഫെയ്സിംഗ് തിയോളജി വിത് കൾച്ചർ എന്ന പുസ്തകത്തിന്റെ പ്രകാശനവും നടന്നു. റവ. ഡോ. കെ. ജി. പോത്തൻ, ഡോ.കെ.പി. ലൂയി, ഡോ. എം. പി. മത്തായി, ഡോ.ഏ.പി.തോമസ്, ഡോ. മാത്യു കോശി പുന്നയ്ക്കാട്, ഡോ. സാറാമ്മ വർഗീസ്, ജോസ് പീറ്റർ, സന്ദീപ് ചൗധരി, സന്ദീപ് യാഷ് എന്നിവർ പ്രവഹന്ധങ്ങൾ അവതരിപ്പിച്ചു. സമാപന സമ്മേളനത്തിൽ കുര്യാക്കോസ് മാർ ക്ലിമീസ് മെത്രാപ്പോലിത്ത അധ്യക്ഷത വഹിച്ചു. പള്ളിയിലെ പ്ലാസ്റ്റിക് പൂവുകൾ പ്രകൃതിദത്തമായ പുഷ്പങ്ങൾക്ക് വഴിമാറണമെന്ന് അദ്ദേഹം പറഞ്ഞു.

## അകപ്പൊരുൾ

പോൾ മണലിൽ



# റോയ് സാറിന്റെ പാപ്പൻസും ആശാട്ടിയും

**നി**ത്യജീവിതത്തിൽ നാം കണ്ടുമുട്ടാറുള്ള കഥാപാത്രങ്ങളെപ്പറ്റി ഓർക്കാനും ചിന്തിക്കാനും അവസരമൊരുക്കുന്ന രണ്ടു സന്ദർഭങ്ങൾ ഡോ. സി. ജെ. റോയ് വിവരിച്ചിട്ടുണ്ട്. ആദ്യത്തെ സന്ദർഭം പാപ്പനെ വീണ്ടും കണ്ടുമുട്ടുന്നതാണ്. പാപ്പൻ കൂലിപ്പണിക്കാരനാണ്. കുട്ടിക്കാലത്ത് റോയ് സാറിന് പാപ്പൻ കരിക്കുവെട്ടിക്കൊടുത്തിട്ടുണ്ട്. ഒരിക്കൽ പാടത്തിന്റെ നടുവിലുള്ള തോടിന്റെ കരയിലൂടെ നടക്കുമ്പോൾ, തോട്ടിൽ വീണുമുങ്ങിയ റോയ് സാറിനെ വെള്ളത്തിൽ നിന്നു കോരിയെടുത്ത് രക്ഷിച്ചതും പാപ്പനാണ്. അതിനാൽ റോയ് സാറിന് അദ്ദേഹം പാപ്പൻസ് ആയി.

മറുനാട്ടിൽ ജോലി ചെയ്ത ശേഷം റോയ് സാറ് നാട്ടിൽ തിരിച്ചെത്തി വീടുവച്ച് താമസിച്ചു തുടങ്ങിയപ്പോൾ അദ്ദേഹത്തെ കാണാന് പാപ്പൻസും വന്നു. പണ്ടത്തെ പാപ്പനല്ല. മെലിഞ്ഞു തുടങ്ങിയ ഉടൽ, മുഷിഞ്ഞ വസ്ത്രങ്ങൾ, പരിക്കൻ മട്ട്. ആരോഗ്യം നഷ്ടപ്പെട്ടപ്പോൾ ഭാര്യയും മക്കളും പാപ്പനെ കൈവിട്ടു! ജീവിതം പാപ്പന് ഒരു അമർഷമായി.

ആരുടെയും ഔദാര്യം തേടിയല്ല പാപ്പൻ വന്നത്. അയാൾക്ക് വേണ്ടത് സ്നേഹമായിരുന്നു. വാർദ്ധക്യത്തിൽ പാപ്പന് സ്നേഹം കൊടുത്ത കഥയാണ് റോയ് സാർ □പാപ്പൻസ്□ എന്ന ഉപന്യാസത്തിൽ എഴുതിയത്. റോയ് സാർ തന്റെ പെൻഷന്റെ ഒരംശം പാപ്പനായി നീക്കിവച്ചു. എല്ലാ മാസവും അത് നൽകി. അതൊരു നിശ്ശബ്ദ ഉടമ്പടിയായിരുന്നു. ഒരിക്കൽ പാപ്പൻ വന്നപ്പോൾ ഒരാവശ്യം ഉന്നയിച്ചു. റോയ് സാറിന്റെ ഒരു മുണ്ട് വേണം. റോയ് സാറിന്റെ പാദത്തിൽ നമസ്ക്കരിച്ച് പാപ്പൻസ് മടങ്ങി. പിന്നെ അയാർ തിരിച്ചു വന്നില്ല. പാപ്പൻ മരിച്ചു റോയ് സാർ നൽകിയ മുണ്ട് ഉടുപ്പിച്ചാണ് പാപ്പനെ അടക്കിയതെന്ന് പറയാൻ പിന്നീടൊരിക്കൽ പാപ്പന്റെ വീട്ടുകാർ വന്നു.

പാപ്പൻസ് അവിടെ നിൽക്കട്ടെ. ഇനി റോയ് സാറിന്റെ ആശാട്ടിയുടെ കഥ പറയാം. റോയ് സാറിനെ അക്ഷരങ്ങളുടെ അത്ഭുതലോകം പരിചയപ്പെടുത്തിയ ഉണിച്ചി ആശാട്ടി. റോയ് സാർ ഒരു പുസ്തകം എഴുതിയപ്പോൾ ആദ്യം പോയത് ആ ആശാട്ടിയെ കാണാനാണ്! ആശാട്ടിയുടെ പ്രതികരണം, 'നീയെന്നെ ഓർത്തല്ലോ' എന്നായിരുന്നു.

ഡോ. സി. ജെ. റോയിയുടെ ഈ അനുഭവ കഥകളുടെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. എനിക്ക് പറയാനുള്ളത് നമ്മുടെ ജന്മദിനാഘോഷങ്ങളെപ്പറ്റിയാണ്. ഡോ. സി. ജെ. റോയിയുടെ എഴുപത്തിയഞ്ചാം ജന്മവാർഷികം ഈ മാസം പതിമൂന്നിനാണ്. അതിന്റെ ഭാഗമായി അദ്ദേഹം എഴുതിയ ആത്മകഥയിൽ ജീവിതത്തിലെ ഇത്തരം ചെറിയ നൊമ്പരങ്ങളും ആഹ്ളാദങ്ങളും അയവിറക്കുന്നുണ്ട്. എന്നെ ആകർഷിച്ച അദ്ദേഹത്തിന്റെ പാപ്പൻസും ആശാട്ടിയുമാണ്. ഇതുപോലെ വേറെയും കഥകൾ ഇതുലുണ്ട്.

> **നമ്മിൽ പലരും ജന്മദിനങ്ങൾ കൊണ്ടാടുന്നവരാണ്: എന്നാൽ പാവപ്പെട്ടവനെ കരുതുന്ന കാര്യത്തിലോ അധികാരമില്ലാത്തവനെ പരിഗണിക്കുന്ന കാര്യത്തിലോ ഗുരുക്കന്മാരെ ബഹുമാനിക്കുന്ന കാര്യത്തിലോ നമ്മുടെ ജീവിതത്തിൽ ഇതുപോലെ എന്തെങ്കിലും ഓർമ്മിച്ചെടുക്കാനുണ്ടോ?**

നമ്മിൽ പലരും ജന്മദിനങ്ങൾ കൊണ്ടാടുന്നവരാണ്: എന്നാൽ പാവപ്പെട്ടവനെ കരുതുന്ന കാര്യത്തിലോ അധികാരമില്ലാത്തവനെ പരിഗണിക്കുന്ന കാര്യത്തിലോ ഗുരുക്കന്മാരെ ബഹുമാനിക്കുന്ന കാര്യത്തിലോ നമ്മുടെ ജീവിതത്തിൽ ഇതുപോലെ എന്തെങ്കിലും ഓർമ്മിച്ചെടുക്കാനുണ്ടോ?

ജന്മദിനാഘോഷങ്ങൾ ആർഭാടങ്ങൾ അവതരിപ്പിക്കാനുള്ള സന്ദർഭങ്ങളായി മാറിയിട്ടുണ്ട്, ഇന്ന് ജീവിതത്തിന്റെ മേന്മയെ തിരിച്ചറിയുന്നതിനുള്ള സന്ദർഭങ്ങളാണ് ജന്മദിനാഘോഷങ്ങൾ എന്നു പറയാനാണ് ഞാൻ റോയ്സാറിന്റെ അനുഭവകഥകൾ പറഞ്ഞത്. നമുക്ക് ചുറ്റും സ്നേഹം കാംക്ഷിക്കുന്ന ധാരാളം പേരുണ്ട്. ബഹുമാനവും ആദരവും അർഹിക്കുന്നവരും ഏറെയുണ്ട്. ജീവിതത്തെ നിത്യവും ഒരാഘോഷമാക്കി മാറ്റുന്ന നമ്മൾ ഇവരെയൊക്കെ കാണുന്നുണ്ടോ? ജീവിതത്തിൽ വലിയ നേട്ടങ്ങൾ കൈവരിക്കാൻ വെമ്പുന്നവരാണ് നമ്മൾ. പണവും അധികാരവും ഉണ്ടെങ്കിൽ എല്ലാം നേടി എന്നാണ് വിചാരം. ഇത്തരക്കാരിൽ നിന്ന് മനുഷ്യത്വത്തിന്റെ അംശം ചോർന്ന് പോകുന്നു. മനുഷ്യനെ തിരിച്ചറിയാൻ കഴിയാത്ത മൃഗീയമായ അവസ്ഥയിലേക്ക് നാം എത്തിച്ചേരുന്നു. അപ്പോഴാണ് പാപ്പൻസിന് സ്നേഹം കൊടുത്ത റോയ് സാറിനെ ഞാൻ കാണുന്നത്; ആശാട്ടിയെ ബഹുമാനിച്ച റോയ് സാറിനെ ഞാൻ കാണുന്നത്

നമ്മുടെ സഭയിൽ ഇത്തരക്കാരുണ്ടെന്ന് ചൂണ്ടിക്കാണിക്കാൻ വേണ്ടിയാണ് ഇതെഴുതുന്നത്. ഡോ. സി. ജെ. റോയ് ദീർഘകാലം നമ്മുടെ സഭയുടെ മാനേജിംഗ് കമ്മറ്റിയിൽ അംഗമായിരുന്നു. മലങ്കര അസ്സോസിയേഷൻ പ്രതിനിധിയായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. മധുര കാമരാജ് യൂണിവേഴ്സിറ്റിയിൽ മലയാളം വകുപ്പിന്റെ സ്ഥാപകനും ഡയറക്ടറുമായിരുന്നു അദ്ദേഹം. ഗവേഷണ രംഗത്തും ഭാഷാ ശാസ്ത്ര രംഗത്തും അദ്വിതീയനാണ റോയ് സാർ. എ. ആർ. രാജരാജവർമ്മയുടെ കേരളപാണിനിയം ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തത് അദ്ദേഹമാണ്. ഇപ്രകാരം അദ്ദേഹത്തിന്റെ ബയോഡേറ്റാ നിരത്താനല്ല ഞാനീ സന്ദർഭം വിനിയോഗിക്കുന്നത്.

ജീവിതത്തെ നാം ആഘോഷിക്കേണ്ടത് മനുഷ്യ ജീവികളോടുള്ള നമ്മുടെ സമീപനത്തെ ആശ്രയിച്ചാണെന്ന ഒരു പാഠം ഡോ. സി. ജെ. റോയ് നമുക്ക് തരുന്നു.

നമ്മുടെ ജന്മദിനാഘോഷങ്ങൾ മനുഷ്യത്വത്തിന്റെ മാറ്റുരയ്ക്കാനുള്ള സന്ദർഭമാക്കി മാറ്റണമെന്നാണ് എനിക്ക് പറയാനുള്ളത്. സഭയെ നയിക്കുന്ന എല്ലാവരുടെയും ജീവിതത്തിലെ ഒരോ നിമിഷവും മനുഷ്യത്വത്തിന്റെ മാറ്റുരയ്ക്കാനുള്ള മുഹൂർത്തമാക്കി മാറ്റണമെന്നും ഞാൻ അപേക്ഷിക്കുന്നു. ●


# MAR BASELIOS CHRISTIAN COLLEGE OF ENGINEERING & TECHNOLOGY

MBC

**Peermade**

**Administrative Office,**
**Catholicate Aramana,**
**Devalokam P. O. Kottayam - 686038**

**WANTED**

Applications are invited from suitable and qualified persons for preparing a panel for appointment against vacancies:

1. **Security Guards:** Preferably Ex-servicemen with good experience and records, age between 30 and 45
2. **Driver:** Minimum qualification 8th STD (pass), Licence for Light Motor Vehicle and adequate driving experience. Age between 30 and 45.

   Salary will be commensurate with qualification & experience.

Applications along with bio-data giving details of qualification & experience certificate may be sent to the Director in the above address on or before 31-07-2010

SD/-

**Director**


**പേജ് 1–ൽനിന്ന് തുടർച്ച**

നിയുക്ത ബാവായിൽ നിന്ന് സ്വീകരിച്ചു. ശ്രീ. റ്റി. കെ. ചെറിയാൻ വിദ്യാഭ്യാസ സഹായനിധി ഉദ്ഘാടനം ചെയ്തു. എം. എസ്. സഖറിയ റമ്പാൻ, മുൻ വികാരി ഫാ. എം. സി. പൗലോസ് എന്നിവർ ആശംസകൾ അറിയിച്ചു. ഇടവക വികാരി ഫാ. തോമസ് മാവേലിൽ സ്വാഗതവും ജൂബിലി ജനറൽ കൺവീനർ ശ്രീ. കൊച്ചുമോൻ തോമസ് കൃതജ്ഞതയും അർപ്പിച്ചു. പ്രഭാതനമസ്ക്കാരത്തെ തുടർന്ന് ശ്രേഷ്ഠ നിയുക്ത കാതോലിക്കായുടെ മുഖ്യകാർമികത്വത്തിൽ ഡോ. യൂഹാനോൻ മാർ ദിമെത്രയോസ് മെത്രാപ്പോലീത്താ, ഡോ. യൂഹാനോൻ മാർ തെവോദോറോസ് മെത്രാപ്പോലീത്താ എന്നിവരുടെ സഹകാർമ്മികത്വത്തിൽ വിശുദ്ധ മൂന്നിന്മേൽ കുർബ്വാന അർപ്പിച്ചു. പ്രദക്ഷിണം, ശ്ലൈഹികവാഴ്വ്, നേർച്ച വിളമ്പ് എന്നിവയ്ക്കുശേഷമാണ് സിൽവർ ജൂബിലി ഉദ്ഘാടന സമ്മേളനം ആരംഭിച്ചത്.

## വലിയച്ചൻ



# കല്പനയിലൂടെ പിരിച്ച പണം ഗുണ്ടകൾക്ക് നല്കി

**മലങ്കര വർഗീസ് കുറ്റപത്രം**

കൊച്ചി : വാഹനാപകടത്തിൽ മരിച്ച ബിനുവിന്റെ കുടുംബത്തിനു വേണ്ടി എന്ന വ്യാജേന സ്വരൂപിച്ച പണമാണ് മലങ്കരവറുഗീസിന്റെ കൊലയാളികൾക്ക് ഫാ. തെക്കേക്കര നല്കിയത്. വിഘടിത ശ്രേഷ്ഠ നേതാവിന്റെ 7-11-2002 ൽ പുറത്തിറക്കിയ കല്പനയിലാണ് ബിനുസഹായ നിധിയിലേക്ക് സംഭാവന നല്കണമെന്ന് നിർദേശം നല്കിയത്. ഇതിലൂടെ പിരിഞ്ഞു കിട്ടിയ 110,601 രൂപ സ്വരൂപിച്ച് സൂക്ഷിച്ചിരിക്കുന്നത് അങ്കമാലി ഭദ്രാസന അരമന മാനേജരായിരുന്ന ഫാ. തെക്കേക്കരയാണ്. ഇത് ബിനുവിന്റെ കുടുംബത്തിനു കൈമാറിയിരുന്നില്ല. ആ പണമാണ് വാടക കൊലയാളിക്ക് നല്കിയത്. എന്നാൽ പിന്നീട് അന്വേഷണം ഉണ്ടാകുമെന്നറിഞ്ഞപ്പോൾ കൃത്രിമമായി വൗച്ചറുകൾ തയ്യാറാക്കി പണം ബിനുവിന്റെ ചികിത്സക്കായി നല്കിയതായി രേഖയുണ്ടാക്കി. ഇത് കൃത്രിമമാണെന്ന് സി. ബി. ഐ അന്വേഷണത്തിൽ കണ്ടെത്തി. കൊലപാതകത്തിനു മുമ്പ് കാശിന്റെ കാര്യത്തിൽ ഗുണ്ടകൾക്ക് ഉറപ്പു നല്കിയത് ഫാ. തെക്കേക്കരയാണ്. കോടതിയുടെ മുമ്പാകെ സി. ബി. ഐ നല്കിയ കുറ്റപത്രത്തിലാണ് ഇത് വെളിപ്പെടുത്തിയിരിക്കുന്നത്. ഫാ. തെക്കേക്കരയ്ക്ക് ഇതിനായി മുകളിൽ നിന്ന് വ്യക്തമായി നിർദേശവും അനുവാദവും നല്കിയതിനെക്കുറിച്ചുള്ള തെളിവുകൾ മാത്രമാണ് ഇനി സമർപ്പിക്കാനുള്ളത്. അതിനാലാണ് പ്രതിപട്ടിക പൂർണ്ണമല്ല എന്ന് കോടതിയിൽ ബോധിപ്പിക്കേണ്ടിവന്നത്.

## വാളുകൾ കൊണ്ടു വന്നത് കാലടിയിൽ നിന്ന്

കൊച്ചി: മലങ്കര വറുഗീസിനെ വധിക്കുവാനായി പ്രയോഗിച്ച വാളുകളും നാടൻ ബോംബുകളും തയ്യാറാക്കി കൊണ്ടുവന്നത് കാലടിക്കടുത്തുള്ള ചൊവര എന്ന സ്ഥലത്തു നിന്ന്. അവിടെ നിന്നു കൊണ്ടുവന്ന് അല്ലപ്രയിൽ വച്ച് സംഘത്തിന് കൈമാറി. കൊലപാതകത്തിന് ശേഷം വാഴക്കുളത്തെ പാടത്തു നിന്ന് ആയുധങ്ങൾ പോലീസ് കണ്ടെടുത്തു. 35,000 രൂപയ്ക്ക് വാങ്ങിയ ഒരു അംബാസഡർ കാറാണ് കൊലപാതകത്തിന് ഉപയോഗിച്ചത്. കൊലപാതകത്തിനു ശേഷം ഈ കാർ തമിഴ്നാട്ടിൽ സേലത്തിനടുത്തുള്ള നാമക്കല്ലിൽ ഉപേക്ഷിച്ചു. തമിഴ്നാട് പോലീസ് ഇത് കണ്ടെടുത്ത് കേരളാ പോലീസിന് കൈമാറുകയായിരുന്നു. മൂന്നു വാളുകളും രണ്ട് ഇരുമ്പുവടികളുമായി അഞ്ചുപേരാണ് ഉച്ചയ്ക്ക് 12.30 ന് പെരുമ്പാവൂരിൽ നടുറോഡിൽ വച്ച് വറുഗീസിനെ വെട്ടി കൊലപ്പെടുത്തിയത്.

## കൊലപാതകശേഷം മഞ്ഞനിക്കര പള്ളിയിലും

കൊച്ചി: മലങ്കര വറുഗീസിനെ കൊല്ലാൻ വേണ്ടി ഫുട്ബോൾ ടീം എന്ന വ്യാജേന പെരുമ്പാവൂരിന് അടുത്ത് വാടകവീട്ടിൽ താമസിപ്പിച്ച സംഘത്തെ കൊലയ്ക്ക് ശേഷം ഒളിപ്പിക്കാനായി ആലുവയിലും കോട്ടയത്തും മഞ്ഞനിക്കര പള്ളിയിലും വന്നെത്തിയിരുന്നു എന്ന് സി. ബി. ഐ കണ്ടെത്തിയിട്ടുണ്ട്.

## അഖില മലങ്കര ക്വിസ്സ് മത്സരം

**(ഗൾഫ് യാത്രയും, ഇരുപതിനായിരം രൂപയും സമ്മാനം)**

കോട്ടയം : അബുദാബിയിൽ വച്ചു നടക്കുന്ന ഗൾഫ് ഓർത്തഡോക്സ് യൂത്ത് കോൺഫറൻസിന്റെ ഭാഗമായി യുവജനപ്രസ്ഥാനം ക്വിസ്സ് മത്സരം നടത്തുന്നു. ഒന്നാം സ്ഥാനം ലഭിക്കുന്നവർക്ക് സെപ്റ്റംബറിൽ അബുദാബിയിൽ നടക്കുന്ന ഗൾഫ് കോൺഫറൻസിൽ പങ്കെടുക്കാൻ അവസരവും, 20,000 രൂപയുമാണ് സമ്മാനം.
രണ്ടാം സമ്മാനം : 15,000 രൂപ.
മൂന്നാം സമ്മാനം : 10,000 രൂപ.
ഇടവക തലത്തിലും, ഡിസ്ട്രിക്റ്റ് തലത്തിലും, ഭദ്രാസനതലത്തിലും മത്സരങ്ങൾ നടത്തിയതിനുശേഷം ഭദ്രാസനതലങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന ടീമിന് കേന്ദ്രമത്സരത്തിൽ പങ്കെടുക്കാം ജൂലൈ 30നകം വിജയികളുടെ ലിസ്റ്റ് കേന്ദ്ര ഓഫീസിൽ എത്തിക്കണം. വിശദാംശങ്ങൾ വികാരിമാർക്കും, സെക്രട്ടറിമാർക്കും അയച്ചിട്ടുണ്ട്.

## ഇടവക ദിനാഘോഷവും ദുക്റോനോ പെരുന്നാളും

പറക്കോട് : സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് പള്ളിയിൽ പത്രോസ് പൗലൊസ് ശ്ലീഹന്മാരുടെ ഓർമ്മപ്പെരുന്നാളും ഇടവക ദിനാഘോഷവും ആചരിച്ചു. ഇരുപത്തേഴാം തീയതി അഭി. യാക്കോബ് മാർ ഐറേനിയസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമികത്വത്തിൽ വി. കുർബ്ബാന അർപ്പിച്ചു. ബഹു. പ്രൊഫ. ജോർജ്ജ് കോശി പ്രഭാഷണം നടത്തുകയും അഭി. തിരുമേനി വൃക്ഷത്തൈ വിതരണത്തിന്റെ ഔപചാരികമായ ഉദ്ഘാടനം ശ്രീ. എ.കെ. തോമസിന് നൽകിക്കൊണ്ട് നിർവഹിക്കുകയും ചെയ്തു. തുടർന്ന് വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണവും സ്നേഹവിരുന്നും ക്രമീകരിച്ചിരുന്നു. വികാരി ഫാ. ജോൺ സി. വർഗീസ് അദ്ധ്യക്ഷത വഹിച്ചു. ജോൺ തോമസ്, തോമസ്കുട്ടി, തോമസ് വർഗീസ് എന്നിവർ പ്രസംഗിച്ചു. ജൂലൈ മൂന്നാം തീയതി ദുക്റോനോ പെരുന്നാളും നാലാം തീയതി വി. കുർബ്ബാനയോടനുബന്ധിച്ച് മലങ്കര സഭയുടെ മാനേജിംഗ് കമ്മറ്റി അംഗം അഡ്വ. മാത്യു കോശി കുളങ്ങര നിയമോപദേശങ്ങളും സംശയനിവാരണവും നടത്തി. ജറിൻ ഡേവിഡ്, മോൻസി വർഗീസ്, ബിബിൻ ബേബി ജോൺ, ജോൺ പി. ദാനിയേൽ എന്നിവർ നേതൃത്വം നൽകി.

## ഹർത്താൽ നടത്തുന്നത് മടിയന്മാർ

**ചെമ്മനം ചാക്കോ**

തലയോലപ്പറമ്പ് : ജോലി ചെയ്യാൻ കഴിയാതെ ശബ്ദരാജ്യം സൃഷ്ടിക്കുന്നവരാണ് ഹർത്താൽ നടത്തുന്നതെന്ന് കവി ചെമ്മനം ചാക്കോ പറഞ്ഞു. നിത്യേന നടക്കുന്ന ഹർത്താലുകൾ നേതാക്കൻമാർ ആഘോഷിക്കുകയാണ്. തലയോലപ്പറമ്പിൽ വൈക്കം മുഹമ്മദ്ബഷീർ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുക്കായിരുന്നു അദ്ദേഹം.

വൈക്കം മുഹമ്മദ് ബഷീർ ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ ഹർത്താൽ നടത്തുന്ന പാർട്ടിക്കാരെ ഓടിച്ചിട്ട് തല്ലുമായിരുന്നു. ജോലി ചെയ്യാൻ മടിക്കുന്നവർ ബഷീറിന്റെ ജീവിതം മനസിലാക്കാൻ തയ്യാറാകണം. ബഷീർ ചെയ്യാത്ത ജോലികൾ ഒന്നുമില്ല. സാഹിത്യവും സ്വാതന്ത്ര്യസമരവും ജോലിയും ഒരുപോലെ കൊണ്ടു നടന്ന വ്യക്തിയാണ് അദ്ദേഹം. ആ ജീവിതം മനസിലാക്കിയാൽ ഒരു നിമിഷം പോലും വെറുതെ ഇരിക്കുകയില്ല ചെമ്മനം ചാക്കോ പറഞ്ഞു.



പത്രോസ് പൗലൊസ് ശ്ലീഹന്മാരുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് പരുമലപ്പള്ളിയിൽ നടന്ന റാസ

## നിരണം ഭദ്രാസനത്തിന് പുതിയ കോളജിന് അനുമതി

തിരുവല്ല: മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിൽ തിരുവല്ലയ്ക്കടുത്ത് വളഞ്ഞവട്ടത്ത് പരുമല മാർ ഗ്രീഗോറിയോസ് കോളജ് എന്ന പേരിൽ സ്വാശ്രയ കോളജിന് ഗവൺമെന്റ് അനുമതി നല്കി. B.Com (computer), BCA, BFT (Bachelor of Fashion Technology) എന്നീ കോഴ്സുകൾക്കാണ് പ്രാഥമികമായി അംഗീകാരം ലഭിച്ചിരിക്കുന്നത്. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് ചെയർമാനായും, ഫാ. എ. റ്റി. ഗീവറുഗീസ് അഡ്മിനിസ്ട്രേറ്ററായും, പ്രൊഫ. ഇ. ജോൺ മാത്യു കൂടാരത്തിൽ പ്രിൻസിപ്പലായും പ്രവർത്തിക്കുന്നു.



പത്തനംതിട്ട മാർ ഗ്രീഗോറിയോസ് ഇടവക വികാരി ഫാ. ജോർജ്ജ് മാത്യു കുറ്റിക്കണ്ടത്തിലിന്റെ പൗരോഹിത്യ രജത ജൂബിലി സമ്മേളനം അഡ്വ. ശിവദാസൻ നായർ എം.എൽ.എ. നിർവഹിക്കുന്നു. അഭി. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലിത്ത, പി.റ്റി.അച്ചൻകുഞ്ഞ്, എ.റ്റി.ജോൺ, ഷാജി മഠത്തിലേത്ത്, ഫാ. വർഗീസ് മാത്യു, പി.ജി. മാത്യു, വെരി.റവ.പി.റ്റി.ജോൺ കോർ-എപ്പിസ്കോപ്പ, ജി.ജോൺ, നഗരസഭാ ചെയർമാൻ സക്കീർ ഹുസൈൻ, ഫാ. ജോർജ്ജ് വർഗീസ് എന്നിവർ സമീപം.

## മോർ ദിയസ്ക്കോറോസ് തിരുമേനിയുടെ ഓർമ്മ പെരുന്നാൾ ജൂലൈ 22, 23 തീയതികളിൽ

റാന്നി: തിരുവനന്തപുരം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയായിരുന്ന ഗീവർഗീസ് മാർ ദിയസ്ക്കോറോസ് തിരുമേനിയുടെ ഓർമ്മ പെരുന്നാൾ ജൂലൈ മാസം 22, 23 തീയതികളിൽ റാന്നി ഹോളി ട്രിനിറ്റി ആശ്രമത്തിൽ. 18 ന് 8 മണിക്ക് വിശുദ്ധ കുർബ്ബാന, പെരുന്നാൾ കൊടിയേറ്റ്: ജോഷ്വാ മാർ നിക്കോദിമോസ്. 22 ന് രാവിലെ വിശുദ്ധ കുർബ്ബാന: ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ്, 3 മണിക്ക് തീർത്ഥാടകർക്ക് സ്വീകരണം, 6 ന് സന്ധ്യാനമസ്ക്കാരം, വചനശുശ്രൂഷ: ഫാ. പി. ജി. ജോസ് നെല്ലില. 23 ന് 7 മണിക്ക് പ്രഭാത നമസ്ക്കാരം വിശുദ്ധ മൂന്നിന്മേൽ കുർബ്ബാന: നിയുക്ത കാതോലിക്കാ ബാവായുടെ മുഖ്യ കാർമ്മീകത്വത്തിൽ. 9.30 ന് അനുസ്മരണ പ്രഭാഷണം, താക്കോൽദാനം, എന്റോവ്മെന്റ് വിതരണം. എന്നിവ ഉണ്ടായിരിക്കും

## പാരിഷ് മിഷൻ 2010

കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ആഭിമുഖ്യത്തിൽ ഓണാവധിക്കാലത്തു(ഓഗസ്റ്റ് 22-30) പാരീഷ് മിഷൻ നടത്തപ്പെടുന്നു. താല്പര്യമുള്ള ഇടവകകൾ വികാരി മുഖേന, സെക്രട്ടറി, പാരീഷ് മിഷൻ, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, പി. ബി. നമ്പർ 98, കോട്ടയം (ഫോൺ - 0481-2566526) എന്ന വിലാസത്തിൽ ഓഗസ്റ്റ് 5ന് മുമ്പായി ബന്ധപ്പെടേണ്ടതാണ്.
സെക്രട്ടറി, പാരീഷ് മിഷൻ

# സഭയ്ക്ക് ഒരു വിവാഹവേദി

ഫാ. പി. എ. ഫിലിപ്പ്, ഡയറക്ടർ, മിനിസ്ട്രി ഓഫ് ഹ്യൂമെൻ എംപവർമെന്റ്

കഴിഞ്ഞ ലക്കത്തിൽ ശ്രീ. പോൾ മണലിൽ എഴുതിയ 'വിശ്വാസം വളർത്താൻ വിവാഹക്കമ്പോളം' എന്ന ലേഖനമാണ് ഈ വിശദീകരണകുറിപ്പിന്റെ അടിസ്ഥാനം. മാറിവരുന്ന സാമൂഹ്യ ജീവിത പശ്ചാത്തലത്തിൽ ഓർത്തഡോക്സ് സഭയിൽ നിന്നുതന്നെ വിവാഹ പങ്കാളികളെ കണ്ടെത്തുവാൻ വിവാഹാർത്ഥികളും മാതാപിതാക്കളും പാടുപെടുന്നുണ്ടെങ്കിലും മിക്ക സന്ദർഭങ്ങളിലും അങ്ങനെ ലഭിക്കാതെ പോകുന്നു എന്നും ശ്രീ. പോൾ എഴുതിയിരിക്കുന്നു. ആയതിനാൽ സഭ മുന്നോട്ട് വന്ന് യുവജനങ്ങൾക്ക് ജീവിത പങ്കാളികളെ കണ്ടെത്താനുള്ള വേദികളും സംവിധാനങ്ങളും ഒരുക്കണമെന്നും പരിശുദ്ധ സുന്നഹദോസ് അതിനായി ഒരു കമ്മീഷൻ ഉണ്ടാക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.

2008 ഡിസംബറിൽ പരിശുദ്ധ ബാവാ തിരുമേനി സഭയ്ക്ക് മാനവവിഭവശേഷി മാനേജ്മെന്റ് (Human Resource Management) എന്ന ഒരു വകുപ്പ് രൂപീകരിച്ചു. (പിന്നീട് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് 'മിനിസ്ട്രി ഓഫ് ഹ്യൂമെൻ എംപവർമെന്റ് 'എന്ന് അത് പുനർനാമകരണം ചെയ്തു) ഈ വകുപ്പിന് കീഴിൽ പ്രധാനമായി മൂന്ന് സെല്ലുകളാണ് പ്രവർത്തിക്കുന്നത്.

### I. കുടുംബ/വിവാഹ സെൽ (Family/Marriage Cell)

മാര്യേജ് കമ്മീഷൻ എന്ന് പേരിട്ടിട്ടില്ല എങ്കിലും ഫലത്തിൽ വിവാഹസെൽ ചെയ്യുന്നത് ആ ജോലിയാണ്. കൂട്ടുകുടുംബവ്യവസ്ഥിതിയിൽ നിന്ന് അണുകുടുംബവ്യവസ്ഥിതിയിലേക്കുള്ള ചുവടുമാറ്റവും, ഗ്രാമജീവിതത്തിന്റെ വിശാലമായ സൗഹൃദബന്ധങ്ങൾ വിട്ട് നഗരത്തിന്റെ ഒറ്റപ്പെട്ട തുരുത്തുകളിലേക്കുള്ള ചേക്കേറ്റവും നമ്മുടെ സാമൂഹ്യഘടനയിൽ വൻമാറ്റങ്ങൾക്കു വഴിതെളിച്ചു. ഒരു പെൺകുട്ടിക്കോ ആൺകുട്ടിക്കോ വിവാഹ പങ്കാളിയെ കണ്ടെത്തുക എന്നത് പണ്ട് വലിയ പ്രയാസമുള്ള കാര്യമായിരുന്നില്ല. ഈ ജോലി വിപുലമായ ഒരു കുടുംബം മുഴുവനും കൂടിയാണ് അന്ന് ചെയ്തിരുന്നത്. ഇന്ന് വലിയ കുടുംബങ്ങൾ ഇല്ല. വില്ലായിലോ ഫ്ളാറ്റിലോ ജീവിക്കുന്ന ചെറുകുടുംബങ്ങൾ പുറം ലോകവുമായി ബന്ധപ്പെടുന്നത് ഫോൺ, ഇന്റർനെറ്റ് മുതലായ ആധുനിക സജ്ജീകരണങ്ങൾ വഴിയാണ്. വിവിധ മേഖലകളിൽ സ്പെഷ്യലൈസ് ചെയ്തിരിക്കുന്ന മക്കൾക്ക് അനുയോജ്യരായ ജീവിത പങ്കാളിക്കളെ കണ്ടെത്തുക എന്നത് വളരെ വിഷമകരമായ കാര്യമാണ്.

ഓർത്തഡോക്സ് വിശ്വാസത്തിൽ വളരുന്ന യുവാവിനോ യുവതിക്കോ ഇതേ വിശ്വാസത്തിൽ നിന്നു തന്നെ ജീവിതപങ്കാളിയെ ലഭിക്കുന്നതാണ് ഏറെ നല്ലത്. അത് കുടുംബത്തിൽ വിശ്വാസ ഐക്യം നിലനിറുത്തുന്നതിനും, തന്മൂലം കുടുംബത്തിന്റെ ഭദ്രത കാത്തുസൂക്ഷിക്കുന്നതിനും വളരെ സഹായിക്കും. മറ്റ് സഭകളിൽ നിന്ന് വിവാഹം കഴിച്ചുകൊണ്ടുവരുന്ന പെൺകുട്ടികൾ പലരും അടിച്ചേൽപ്പിക്കപ്പെട്ട ഒരു കാര്യമായിട്ടാണ് ഓർത്തഡോക്സ് വിശ്വാസത്തെ കാണുന്നത്. (ഇതിന് അപവാദങ്ങൾ ഉണ്ട് എന്നത് വിസ്മരിക്കുന്നില്ല). ചെറുപ്പം മുതൽ പരിശീലിക്കാത്തതോ അടിച്ചേൽപ്പിക്കപ്പെട്ടതോ, മാനസികമായി വേണ്ടത്രയോജിപ്പ് ഇല്ലാത്തതോ ആയ വിശ്വാസത്തിൽ നിലനിൽക്കേണ്ടി വരുമ്പോൾ 'ചെറുത്ത് നില്പോ' ശീതസമരമോ ഒക്കെ ഉണ്ടാവുക സ്വാഭാവികം. പണ്ട് ഇത് അത്രയ്ക്കും ഗുരുതരമായിരുന്നില്ല. ഇന്ന് സ്ത്രീശാക്തീകരണവും, സ്ത്രീവിമോചന പരിപാടികളും കൂടുതൽ ഊർജിതമായതോടെ 'ഞാൻ എന്തിന് എന്റെ പൈതൃകമായ വിശ്വാസം ഉപേക്ഷിക്കണം?' എന്ന ചോദ്യം പല പെൺകുട്ടികളും ചോദിക്കുന്നു. ഈ വാദത്തിന് കഴമ്പില്ല എന്നു പറയാനും ഇന്നത്തെ സാഹചര്യത്തിൽ നമുക്ക് സാധ്യമല്ല. രണ്ട് വ്യത്യസ്ത വിശ്വാസങ്ങളിൽ നിന്ന് വിവാഹ ജീവിതത്തിൽ പ്രവേശിച്ചിട്ട് പൊരുത്തപ്പെടാനാവാതെ ജീവിക്കുകയോ, വിവാഹമോചനത്തിൽ കലാശിക്കുകയോ ചെയ്ത അനേകം കുടുംബങ്ങളെ ഈ ലേഖകന് അറിയാം. അപ്പോൾ പിന്നെ ഒരേ വിശ്വാസത്തിലുള്ളവർ ഒരു കുടുംബജീവിതത്തിലേക്ക് വരുന്നതല്ലേ ഏറ്റവും അഭികാമ്യം? ഇത് കുടുംബഭദ്രതയും, അനന്തര തലമുറകളുടെ ശരിയായ വിശ്വാസ ബോധനത്തിനും ഒക്കെ സഹായിക്കും. ഇവിടെയാണ് ശ്രീ. പോളിന്റെ 'സഭ ഈ മേഖലകളിൽ എന്ത് ചെയ്തു?' എന്ന ചോദ്യത്തിന്റെ പ്രസക്തി. ഫാമിലി സെൽ ചെയ്യുന്ന ജോലികൾ ചുരുക്കമായി എഴുതുന്നു.

1. 2009 ഒക്ടോബർ മുതൽ സഭയുടെ മിനിസ്ട്രി ഓഫ് ഹ്യൂമെൻ എംപവർമെന്റിന്റെ കീഴിൽ ഒരു വിവാഹ വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ട്. ലോകമെമ്പാടുമുള്ള ഓർത്തഡോക്സ് വിവാഹാർത്ഥികൾക്ക് ഈ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാം. സഭയ്ക്കു പുറത്തുള്ള പല സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും ഈ സേവനം വാണിജ്യാടിസ്ഥാനത്തിൽ ചെയ്യുമ്പോൾ സഭാമക്കൾക്കുവേണ്ടി അത് സൗജന്യമായി സഭ ചെയ്യുകയാണ്. (വരും കാലങ്ങളിൽ ഒരു സർവ്വീസ് ചാർജ്ജ് ഈടാക്കേണ്ടി വന്നേക്കാം) ഈ സൗകര്യം സഭയിൽ ഒരുക്കിയിരിക്കുന്ന കാര്യം പരിശുദ്ധ ബാവാ തിരുമേനി കല്പനയിലൂടെ സഭാമക്കളെ അറിയിച്ചിട്ടുമുണ്ട്. വാണിജ്യാടിസ്ഥാനത്തിൽ നടത്തുന്ന സ്ഥാപനങ്ങൾ പോലെ സഭ പരസ്യം കൊടുത്തിട്ടില്ല എന്നതാവാം ഇക്കാര്യം സംബന്ധിച്ച് സഭാമക്കളുടെ അജ്ഞതയ്ക്ക് കാരണം. എങ്കിലും നാളിതുവരെ 2271 ഓർത്തഡോക്സ് വിവാഹാർത്ഥികൾ ഇതിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒട്ടുവളരെപ്പേർക്കും അനുയോജ്യരായ ഓർത്തഡോക്സ് പങ്കാളികളെ തന്നെ ലഭിച്ചിട്ടുമുണ്ട് എന്ന് അവരുടെ സാക്ഷ്യം വ്യക്തമാക്കുന്നു. സഭ നല്കിയിരിക്കുന്ന ഈ സൗകര്യം പരമാവധി ഉപയോഗപ്പെടുത്തുവാനും, മറ്റുള്ളവർക്ക് ഇതു സംബന്ധിച്ച് വിവരം നല്കുവാനും സഭാമക്കൾ പരിശ്രമിക്കണമെന്ന് മാത്രമേ പറയാനുള്ളൂ.

**അറിയിപ്പ്**

പലകാരണങ്ങൾ കൊണ്ടും ഇന്ന് വിവാഹമോചനം നടക്കുന്നുണ്ട്. വിവാഹമോചനം നേടിയവർക്ക് ഒരു രണ്ടാംവിവാഹവും ഇന്നിന്റെ ആവശ്യമായിത്തീർന്നിരിക്കുകയാണ്. (അപകടങ്ങളിൽ ജീവിത പങ്കാളിയെ നഷ്ടപ്പെടുന്നവരുടെ എണ്ണവും ഇന്ന് വളരെ വർദ്ധിച്ചുവരികയാണ്) പുനർവിവാഹത്തിന് പങ്കാളിയെ കണ്ടെത്തുക വളരെയേറെ വിഷമം പിടിച്ചകാര്യമാണ്. അവർക്കും വളരെ സഹായകരമായ ഒരു സൗകര്യമാണ് സഭ ഈ വെബ്സൈറ്റിലൂടെ ഒരുക്കുന്നത്. സഭയുടെ കുടുംബ/വൈവാഹിക വെബ്സൈറ്റിന്റെ പേര് **www.marry2love.com** എന്നാണ്. കോട്ടയത്ത് ദേവലോകം കാതോലിക്കേറ്റ് അരമനയിലാണ് ഇതിന്റെ ഓഫീസ്, ഫോൺ 0481-2572800.

2. ഏതൊരു സമൂഹത്തിന്റേയും അടിസ്ഥാനഘടകം കുടുംബമാണ്. കുടുംബങ്ങൾ നന്നായെങ്കിൽ മാത്രമേ സഭയും സമൂഹവും നന്നാവൂ. ആഗോളവൽക്കരണം, നഗരവൽക്കരണം, ഉദാരവൽക്കരണം തുടങ്ങിയ ആധുനിക പ്രതിഭാസങ്ങൾ സമൂഹത്തിന്റെ ഘടനയെ മാറ്റിമറിച്ചിരിക്കുന്നു. കൂടുതൽ മാറ്റങ്ങൾ കുടുംബമേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. കുടുംബതകർച്ച, വിവാഹമോചനം, പുനർവിവാഹം ഇതൊക്കെ നമ്മുടെ നാട്ടിൽ സാധാരണ സംഭവമായിരുന്നു. 2009 ൽ മാത്രം 760 പുനർവിവാഹ അനുവാദകല്പനകൾ പരിശുദ്ധ ബാവാ തിരുമേനി നല്കിയിട്ടുണ്ട്. കുടുംബതകർച്ചയ്ക്ക് എതിരേ സഭാമക്കളെ ബോധവൽക്കരിക്കാൻ വേണ്ടി 2009 ഒക്ടോബർ കുടുംബ ഭദ്രതാമാസമായി സഭയാകമാനം ആചരിച്ചു. നിർലോഭം തുടരുന്ന ഈ കുടുംബതകർച്ച സഭയുടെ ഏറ്റവും ഗുരുതരമായ ഒരു പ്രശ്നമാണ്. ആശങ്കാജനകമായ ഈ സ്ഥിതി മനസ്സിലാക്കി മിനിസ്ട്രി ഓഫ് ഹ്യൂമെൻ എംപവർമെന്റിന്റെ ശുപാർശ പരിഗണിച്ച് കഴിഞ്ഞ ഫെബ്രുവരിയിൽ കൂടിയ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഒരു 'വിവാഹപൂർവ്വ കോഴ്സ്' വധൂവരന്മാർക്ക് നിർബ്ബന്ധമാക്കിയിരിക്കുകയാണ്. ഇപ്പോൾ ചില ഭദ്രാസനങ്ങളിൽ പ്രീമാരിറ്റൽ കൗൺസലിംഗ് നടത്തുന്നുണ്ടെങ്കിലും ഒരു ഏകീകൃത പാഠ്യപദ്ധതി സഭ ആകമാനം നടപ്പാക്കുവാനാണ് ഇതിലൂടെ ലക്ഷമിടുന്നത്. വിവാഹാർത്ഥികൾ ഈ കോഴ്സ് നിർബ്ബന്ധമായും പൂർത്തിയാക്കി അതിന്റെ സർട്ടിഫിക്കേറ്റ് നേടിയെങ്കിൽ മാത്രമേ വിവാഹം പള്ളിയിൽ വച്ച് നടത്തുകയുള്ളു. 2011 ജനുവരി മുതലെങ്കിലും സഭയിൽ എല്ലാ ഭദ്രാസനങ്ങളിലും ഇത് നടപ്പാക്കത്തക്ക വിധം ക്രമീകരണം ചെയ്തുവരുന്നു. ക്രിസ്തീയ കുടുംബനിർമ്മിതി എന്ന പ്രമേയം അധികരിച്ച് 'ഭൂമിയിൽ ഒരു സ്വർഗ്ഗം' എന്ന ഒരു ഡോക്യുമെന്ററിയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സഭയിലെ വിവാഹാർത്ഥികൾക്കായി വിവിധ സോണുകൾ കേന്ദ്രീകരിച്ച് സംഗമങ്ങൾ, ധ്യാനങ്ങൾ ഇവ സംഘടിപ്പിക്കുവാനും ആഗ്രഹിക്കുന്നത്.

### II. പരിശീലന/മാർഗ്ഗനിർദ്ദേശ സെൽ (Training/Guidance Cell)

വിവിധ മത്സരപ്പരീക്ഷകൾക്ക് ഒരുങ്ങുന്ന ഉദ്യോഗാർത്ഥികൾക്ക് പരിശീലനവും മാർഗ്ഗ നിർദ്ദേശവും നല്കുകയാണ് ഈ സെൽ ചെയ്യുന്നത്. പി. എസ്. സി പരീക്ഷകൾക്ക് ഒരുങ്ങുന്നവർക്കായി കഴിഞ്ഞവർഷം തിരുവനന്തപുരം, പരുമല, പത്തനംതിട്ട എന്നീ കേന്ദ്രങ്ങളിൽ വച്ച് പരിശീലനം നല്കുകയുണ്ടായി. എല്ലാ ഭദ്രാസനങ്ങളിലും ഫാമിലി കൗൺസലിംഗ് സെന്റർ വരുന്നതോടെ അതിനോടനുബന്ധിച്ച് ഉദ്യോഗാർത്ഥികൾക്കുള്ള പരിശീലനവും അവിടെ നല്കാമെന്നാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. വായനക്കാരുടെ പ്രായോഗിക നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയിക്കുന്നത് നന്നായിരിക്കും.

### III. സന്നദ്ധ സേവനസെൽ (Volunteer Personnel Cell)

വിവിധ രംഗങ്ങളിൽ തങ്ങളുടെ വൈദഗ്ദ്ധ്യം കഴിവും തെളിയിച്ച അനേകം പ്രമുഖവ്യക്തികൾ സഭയിൽ ഉണ്ട്. റിട്ടയർ ചെയ്തു കഴിഞ്ഞാൽ അവരുടെ സേവനം സഭയ്ക്ക് പ്രയോജനപ്പെടുത്തതക്ക വിധം ചില കർമ്മ രംഗങ്ങൾ അവർക്കായി സഭ കണ്ടെത്തണം. ആ ദിശ്യിലുള്ള ചില പ്രോജക്ടുകളാണ് ഈ സെല്ലിനു കീഴിൽ വിഭാവനം ചെയ്യുന്നത്.

സഭയുടെ കേന്ദ്രതലത്തിൽ ചെയ്യുന്ന ഈ സേവനങ്ങൾ സംബന്ധിച്ച് സഭയിലെ ഓരോ അംഗത്തിനും വിവരം ലഭിക്കത്തക്കവിധം നമ്മുടെ ഇടവക വികാരിമാരും ആത്മീക സംഘടനകളും പ്രവർത്തിക്കണം. ഇടവക ജനങ്ങളെ അറിയിക്കത്തക്കവിധത്തിൽ കല്പനയും, ബഹുവർണ്ണ ബ്രോഷറുകളും ഒക്കെ കേന്ദ്രത്തിൽ നിന്നും അയച്ചുകൊടുത്തിട്ടുമുണ്ട്. അത് ജനങ്ങളിൽ എത്താതെ പോകുന്നത് എന്തുകൊണ്ട് എന്ന ചോദ്യമാണ് നാമിവിടെ ഉന്നയിക്കേണ്ടത്. ●



സരിതവിഹാർ ഇടവകയുടെ മുൻ ട്രസ്റ്റിയായിരുന്ന ജോയി റ്റി. ഏബ്രഹാം മെമ്മോറിയൽ അവാർഡ് കുമാരി ജ്യോത്സന നിയുക്ത ബാവായിൽനിന്ന് സ്വീകരിക്കുന്നു. ഡൽഹിയിൽനിന്ന് പന്ത്രണ്ടാം ക്ലാസ്സ് പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന സഭാംഗത്തിനാണ് ഈ അവാർഡ് നൽകുന്നത്.

## പറക്കോട് വലിയ പള്ളിയിൽ വിദ്യാർത്ഥി സമ്മേളനം

അടൂർ: പറക്കോട് സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് വലിയപള്ളിയിൽ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ അടൂർ, പറക്കോട് ഡിസ്ട്രിക്റ്റുകളുടെ ഏകദിന സമ്മേളനം നടന്നു. ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ഫാ. ജോൺ സി. വറുഗീസ്, ഫാ. സൈമൺ വറുഗീസ്, എ. കെ. തോമസ്, എം. തോമസുകുട്ടി, പൊന്നച്ചൻ പി. ബിഥുല മറിയം ബേബി എന്നിവർ പ്രസംഗിച്ചു. ചാന്ദ്നി കോശി ക്വിസ് മത്സരവും, ഫാ. തോമസ് പി. മുകളിൽ വിനോദ പരിപാടിയും നടത്തി.



തുമ്പമൺ ബഥനി സെന്റ് മേരീസ് ധ്യാനമന്ദിരത്തിൽ പ്രതിഷ്ഠിക്കുവാനുള്ള ദൈവമാതാവിന്റെ ഐക്കൺ ജറുസലേമിലെ മർക്കോസിന്റെ മാളിക ദേവാലയത്തിൽ ദയറാ അധിപൻ ശെമവൂൻ റമ്പാനിൽനിന്ന് ഫാ. സാമുവൽ തേവത്തുമണ്ണിൽ ഏറ്റുവാങ്ങുന്നു.

## നിര്യാതരായി

### ഫാ. ജോസ് പെരുമാൾ



പരുമല : മലങ്കര ഓർത്തഡോക്സ് സഭ സീനിയർ വൈദികനായിരുന്ന മണലിൽ ഫാ. ജോസ് പെരുമാളിന്റെ (60) സംസ്കാരം പാവുക്കര സെന്റ് തോമസ് ദേവാലയത്തിൽ വച്ച് നടന്നു.

പരുമലയിലെ വസതിയിലെ ശുശ്രൂഷകൾക്കും നഗരി കാണിക്കൽ ചടങ്ങിനും ശേഷമാണ് മൃതശരീരം പാവുക്കരയിലെത്തിച്ചത്. ശുശ്രുഷകൾക്ക് നിരണം ഭദ്രാസന മെത്രാപ്പോലീത്താ അഭി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ കാർമികത്വം വഹിച്ചു. ഭാര്യ : തിരുവല്ല ചാലക്കുഴിയിൽ ലിസി ജോസ് (ചീഫ് മാനേജർ, ഐ.ഓ.ബി. തിരുവനന്തപുരം) മക്കൾ : ടോണി (ടെക്നോ പാർക്ക്), റോണി (സാരഥി ഓട്ടോകാർസ്), ഡോണി (യൂക്കോ ബാങ്ക്) മരുമകൾ : പ്രിൻസി

### ഫാ. ടി.പി.കോശി



തുമ്പമൺ : തെക്കേവീട്ടിൽ കല്ലുവിളയിൽ ഫാ. ടി.പി. കൊച്ചുകോശി (90) ്നിര്യാതനായി. സംസ്കാരം പിന്നീട്. ഭാര്യ : കരുനാഗപ്പള്ളി തെക്കേക്കടവിൽ പരേതയായ ചിന്നമ്മ. മക്കൾ : മറിയം, ഫിലിപ് (ചെന്നൈ) സരസു, ആനി, എലിസബത്ത്, സൂസൻ, ജേക്കബ്, പോൾ (ഇരുവരും ദോഹ) ഷേർലി, പരേതനായ കുരുവിള.


**വിവാഹാലോചനകൾ ക്ഷണിക്കുന്നു**

ഭാര്യമരിച്ചതും രണ്ടു മക്കളുടെ പിതാവും ബാംഗ്ലൂരിൽ താമസമാക്കാൻ ആഗ്രഹിക്കുന്നതുമായ ഓർത്തഡോക്സ് വ്യക്തിക്ക് (48 വയസ് പ്രായം) പ്രാർത്ഥനാ ജീവിതവും സൽസ്വഭാവമുള്ള സ്ത്രീകളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ബാദ്ധ്യതകളില്ലാത്ത പുനർ വിവാഹിതരെയും പരിഗണിക്കും. ഫോൺ- 09060849090 advt.


## ഷഷ്ടി പൂർത്തി പിന്നിട്ട ഫാ. ജേക്കബ് ഫിലിപ്പ്



അമേരിക്കൻ ഭദ്രാസന മാനേജിംഗ് കമ്മറ്റി മെംബർ അറുപതു വയസ്സ് പൂർത്തിയായിരിക്കുന്നു. തിരുവല്ല മുത്തൂർ കണക്കാട്ട് ശ്രീ. കെ. സി. ഫിലിപ്പിന്റേയും, അന്നാമ്മ ഫിലിപ്പിന്റേയും മകനായി 1949-sept 16ാം തീയതി ജനിച്ചു. അമേരിക്കൻ ഭദ്രാസന കൗൺസിൽ മെമ്പറായി പ്രവർത്തിച്ച ഇദ്ദേഹം ന്യൂ ജഴ്സി എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ പ്രസിഡണ്ടായി അഞ്ച് വർഷം പ്രവർത്തിച്ചു. കൂടാതെ മർത്തമറിയം സമാജത്തിന്റെ വൈസ് പ്രസിഡണ്ടായി പതിനാറു വർഷം ഇദ്ദേഹം പ്രവർത്തിക്കുകയുണ്ടായി. ഭാഗ്യ സ്മരണാർഹനായ ബസേലിയോസ് മാത്യൂസ് പ്രഥമൻ കാതോലിക്കായിൽ നിന്ന് കശ്ശീശാപട്ടം ഏറ്റ ഇദ്ദേഹം പാവുക്കര സെന്റ് തോമസ്, ഇരവിപേരൂർ സെന്റ് തോമസ് ബാഹ്യകേരളത്തിൽ ജയ്പൂർ, കോട്ട, അജ്മർ എന്നീ ദേവാലയങ്ങളിലും അമേരിക്കയിൽ ബ്രൂക്ലിൻ, ക്യൂൻസ്, മോണ്ട്ക്ലയർ എന്നീ ദേവാലയങ്ങളിലും വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കഴിഞ്ഞ മുപ്പതു വർഷമായി അമേരിക്കയിൽ സേവനമനുഷ്ഠിച്ചശേഷം ഇപ്പോൾ നാട്ടിലും അമേരിക്കയിലുമായി കഴിയുന്ന ഇദ്ദേഹം വളഞ്ഞവട്ടം പരുമല മാർ ഗ്രീഗോറിയോസ് കോളജിന്റെ വൈസ് പ്രിൻസിപ്പലായി പ്രവർത്തിച്ചുവരുന്നു. ആലുംമൂട്ടിൽ എലിയാമ്മ ജേക്കബ് ആണ് പത്നി. പ്രിൻസ് ജേക്കബ് (സാൻഫ്രാൻസിസ്ക്കോ), പ്രിൻസി ജേക്കബ് (ന്യൂയോർക്ക്), പിൻസി ജേക്കബ് (ന്യൂയോർക്ക്).



പി.എൻ. പണിക്കർ ജന്മശതാബ്ദിയുടെ ഭാഗമായി വായനാദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം ടാഗോർ തീയറ്ററിൽ നടന്ന സമ്മേളനത്തിൽ ഗുരുദക്ഷിണ അവാർഡ് ഡോ.അലക്സാണ്ടർ കാരയ്ക്കലിന് സംസ്ഥാന ധനകാര്യ മന്ത്രി ഡോ. തോമസ് ഐസക് സമ്മാനിക്കുന്നു. മന്ത്രി കെ.പി.രാജേന്ദ്രൻ, പ്രൊഫ. പി.ജെ. കുര്യൻ എം.പി. ജി. കാർത്തികേയൻ, തലേക്കുന്നിൽ ബഷീർ, എൻ.ബാലഗോപാൽ എന്നിവർ സമീപം.

## സന്ദേശം

### മതം മനുഷ്യനെ കൊല്ലാൻ പഠിപ്പിക്കുന്നില്ല

വാത്സല്യ മക്കളെ,

മതം എന്നാൽ അഭിപ്രായം എന്നാണ് അർത്ഥം. ഒരു മതവും മനുഷ്യനെ കൊല്ലാൻ പഠിപ്പിക്കുന്നില്ല. മനുഷ്യനെ മനുഷ്യത്വത്തിലേക്ക് വളർത്തി ദൈവീകത്വത്തിലേക്ക് ഉയർത്തുക എന്ന ദൗത്യമാണ് മതങ്ങൾ നിർവ്വഹിക്കേണ്ടത്. മഹത്തായ സാംസ്ക്കാരിക പാരമ്പര്യത്തിന്റെയും മത സൗഹാർദ്ദത്തിന്റെയും പേരിൽ ഊറ്റം കൊള്ളാറുള്ള നമുക്ക് ലജ്ജിച്ച് തലതാഴ്ത്തേണ്ട സംഭവങ്ങളാണ് നമ്മുടെ നാട്ടിൽ ഉണ്ടായിരിക്കുന്നത്. അഭിപ്രായ വ്യത്യാസങ്ങളും തർക്കങ്ങളും ഉണ്ടാകുക സ്വഭാവികമാണ്. അവ പരിഹരിക്കുന്നതിന് നിയമാനുസൃതമായ വേദികളും മാർഗ്ഗങ്ങളും പ്രയോജനപ്പെടുത്തണം. മനപൂർവ്വം മതനിന്ദ നടത്തുന്നവരുണ്ടെങ്കിൽ അവരെ നിരുത്സാഹപ്പെടുത്തുകയും നിയമപരമായ മാർഗ്ഗത്തിൽ നിയന്ത്രിക്കുകയും ചെയ്യണം. അല്ലാതെ കണ്ണിന് പകരം കണ്ണ് പല്ലിന് പകരം പല്ല് എന്ന കാട്ടുനീതിയല്ല നാട്ടിൽ നടപ്പിലാക്കേണ്ടത്. പിഞ്ചു വിദ്യാർത്ഥികളുടെ കൺമുൻപിൽ അദ്ധ്യാപകനെ വെട്ടിനുറുക്കിയതും നടുറോഡിൽ പിടിച്ചുകിടത്തി അദ്ധ്യാപകന്റെ കൈവെട്ടിയതും ക്വട്ടേഷൻ സംഘങ്ങൾ നടത്തുന്ന അക്രമവും അഴിഞ്ഞാട്ടവും അപലപിക്കേണ്ട ചുമതല സമാധാനവും സഹവർത്തിത്വവും ആഗ്രഹിക്കുന്ന ഏവർക്കുമുണ്ട്.



സമാധാനം സ്ഥാപിക്കുന്നതിനുള്ള ഒരു മാർഗ്ഗമായി മതം ഉപകരിക്കണം. സഭാംഗങ്ങളും സ്ഥാപനങ്ങളും ഈ ലക്ഷ്യം സാധിക്കുന്നതിനായി ഉണർന്ന് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യണം.

**ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ**


**മലങ്കര സഭയുടെ ഔദ്യോഗിക വെബ്സൈറ്റ്**

**www.mosc.in**


## റമ്പാൻ സ്ഥാനം നൽകി



കേളകം: സുൽത്താൻ ബത്തേരി ഭദ്രാസനത്തിൽ ഫാ. പി. വി. സ്റ്റീഫന് അഭിവന്ദ്യ എബ്രഹാം മാർ എപ്പിഫാനിയോസ് സ്തേഫാനോസ് റമ്പാൻ എന്ന പേരിൽ റമ്പാൻ സ്ഥാനം നൽകി. ജൂൺ 26 ന് കേളകം സെന്റ് തോമസ് ശാലേം പള്ളിയിൽ വച്ചായിരുന്നു സ്ഥാനാരോഹണം. 1954 നവംബർ 9 ന് പന്തളം കുടശ്ശനാട് കളിയിക്കൽ മീനത്തേൽ കുടുംബത്തിൽ വർഗീസിന്റെയും ഏലിയാമ്മയുടെയും മകനായി ജനിച്ചു. 1976 ഫെബ്രുവരി 28 ന് കശ്ശീശാപട്ടം സ്വീകരിച്ചു. കാസർകോട്, കണ്ണൂർ, വയനാട് ജില്ലകളിലുള്ള വിവിധ ഇടവകകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ ബഡേരി-വടുവഞ്ചാൽ സെന്റ് ജോർജ്ജ് പള്ളി വികാരിയായി സേവനം അനുഷ്ഠിക്കുന്നു. നിർമ്മലഗിരി അരമനയിൽ താമസിക്കുന്നു.

## നവജ്യോതി മോംസിന്റെ പ്രവർത്തനം ശ്ലാഘനീയം : മന്ത്രി. സി. ദിവാകരൻ

കൊറ്റമ്പള്ളി:മലങ്കര ഓർത്തഡോക്സ് സഭയിൽ സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി തുടങ്ങിയ സ്വയം തൊഴിൽ പദ്ധതിയായ നവജ്യോതി മോംസിന്റെ പ്രവർത്തനം ശ്ലാഘനീയമാണെന്ന് മന്ത്രി സി. ദിവാകരൻ പറഞ്ഞു. മാവേലിക്കര ഭദ്രാസനത്തിൽ കൊറ്റമ്പള്ളി മാർ ഏലിയാ ഓർത്തഡോക്സ് ഇടവക മർത്തമറിയം സമാജം ആരംഭിച്ച നവജ്യോതി മോംസിന്റെ കുടനിർമ്മാണ യൂണിറ്റായ സരാഫത്തിന്റെ ഉത്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. ആത്മീയ ജീവിതത്തോടൊപ്പം സ്വയം തൊഴിൽ കണ്ടെത്താനുള്ള നൂതന പദ്ധതികൾ സഭകളിലും, സംഘടനകളിലും ആവിഷ്കരിക്കുന്നത് കാലഘട്ടത്തിന്റെ ആവശ്യകതയാണെന്നും മന്ത്രി പറഞ്ഞു. കൂടുതൽ കുടകൾ നിർമ്മിക്കുന്ന പക്ഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്റ്റോറുകൾ വഴി കുടകൾ വിൽപ്പന നടത്തി തരാമെന്ന് മന്ത്രി വാഗ്ദാനം നൽകി. വികാരി. ഫാ. കോശി മാത്യു അദ്ധ്യക്ഷത വഹിച്ചു. ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ ആശിർവാദ കല്പന കൗൺസിൽ അംഗം അഡ്വ. സജി തമ്പാൻ വായിച്ചു. വെരി. റവ. അലക്സിയോസ് കൂരമ്പിൽ റെമ്പാൻ കോർ എപ്പിസ്കോപ്പ അനുഗ്രഹപ്രഭാഷണം നടത്തി.



ഫാ. കെ. വി പോൾ, ഫാ. റോയി തങ്കച്ചൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സോമൻപിള്ള പഞ്ചായത്ത് അംഗങ്ങളായ അശോകൻ, ഏബ്രഹാം സാരഥി, നവജ്യോതി മോംസ് ഡയറക്ടർ ബോർഡ് അംഗങ്ങളായ പുഷ്പാ സഖറിയ, സജി കാർത്തികപ്പള്ളി, ട്രസ്റ്റി ഏബ്രഹാം, സെക്രട്ടറി സ്റ്റീഫൻ, സബിത, റ്റിനുമോൻ എന്നിവർ പ്രസംഗിച്ചു. തുച്ഛമായ വിലക്ക് മെച്ചമായ കുടകൾ ഉത്പാദിപ്പിക്കുന്നതിനോടൊപ്പം സ്വയം തൊഴിൽ കണ്ടെത്താൻ സ്ത്രീകളെ ഒരുക്കുക എന്നതാണ് കുടനിർമ്മാണ യൂണിറ്റായ സരാഫാത്തിന്റെ ഉദ്ദേശമെന്ന് വികാരി ഫാ. കോശി മാത്യു, സെക്രട്ടറി ശോശാമ്മ അലക്സാണ്ടർ, ഏലിയാമ്മ ഏബ്രഹാം എന്നിവർ പറഞ്ഞു.

# മതവും  സമാധാനവും

**"കൊല്ലല്ലേ..."എന്നലറിക്കരയുന്ന മകനെ അക്രമികളിൽനിന്നു പിടിച്ചുമാറ്റാൻ ചെല്ലുമ്പോൾ ആ മാതാവ് കണ്ടു – അക്രമികളിലൊരാൾ വാക്കത്തി മാറ്റി വെച്ച് വാഹനത്തിൽനിന്ന് കോടാലി എടുത്തു കൊണ്ടുവരുന്നു. പിന്നെ, നിലത്തുവീണുകിടന്ന മകന്റെ വലത്തു കൈപ്പത്തി റോഡിനോടു ചേർത്തുവച്ച് വിറകു വെട്ടും പോലെ വെട്ടിമാറ്റുന്നു. അറ്റുപോയ കൈപ്പത്തി സമീപത്തെ വീട്ടുമുറ്റത്തേക്ക് വലിച്ചെറിഞ്ഞു. ഇടത്തുകൈ മുറിഞ്ഞുതൂങ്ങി...
മറ്റെങ്ങുമല്ല; ദൈവത്തിന്റെ സ്വന്തം നാടെന്ന് അറിയപ്പെടുന്ന നമ്മുടെ കൊച്ചുകേരളത്തിൽ.
മതത്തിന്റെ പേരിൽ...**

## മതവിശ്വാസത്തിന്റെ കാതൽ ആത്മീയതയാണ്

### ഡോ. ജോസ് പാറക്കടവിൽ

മതത്തിന്റെ പേരിലുള്ള വിദ്വേഷങ്ങളും കാലുഷ്യങ്ങളും പകപോക്കലുകളുമാണ് വർത്തമാനകാല ജീവിതത്തിന്റെ മുഖ്യ പ്രതിസന്ധി. ഒരു മത വിശ്വസിക്കും ചെയ്യുവാൻ കഴിയാത്ത ക്രൂരകൃത്യങ്ങൾ മനുഷ്യർ മതത്തിന്റെ പേരിൽ ചെയ്തുകൂട്ടുന്നു. യഥാർത്ഥ മതവിശ്വാസം മനുഷ്യരിൽ നിന്ന് ചോർന്ന് പോയത്തിന്റെ അടയാളങ്ങളാണ് ഈ കൊടും ക്രൂരതകൾ.

മതവിശ്വാസത്തിന്റെ കാതൽ ആത്മീയതയാണ്. ആത്മീയതയുടെ തലത്തിൽ ഒരു മതവിശ്വാസിക്ക് സർവ്വചരാചരങ്ങളെയും സ്നേഹിക്കുവാൻ മാത്രമേ കഴിയൂ. ഇന്ന് മതങ്ങൾക്ക് ആത്മീയത നഷ്ടമായി മതാത്മകത ശക്തമായി മതങ്ങൾ ഉള്ള് പൊള്ളയായി പുറന്തോടുമാത്രമായി പരിണമിക്കുന്നു.

വർഗീയവാദികൾ മാത്രമല്ല കൊലപാതികളും അക്രമികളും മോഷ്ടാക്കളും തട്ടിപ്പുകാരും എല്ലാം വർദ്ധിച്ചു കൊണ്ടേയിരിക്കുന്നു. എല്ലാ മതങ്ങൾക്കും ആത്മീയതയിലേക്കുള്ള മടങ്ങിപ്പോക്ക് ആവശ്യമായിരിക്കുകയാണ്.

**മനുഷ്യർ തമ്മിലുള്ള സ്നേഹത്തിനും സൗഹാർദ്ദത്തിനും മതം ഒരു തടസ്സം ആകരുത്.**

## മതമില്ലാത്ത ജീവന് അസ്തിത്വം ഇല്ല

### ഫാ. ഡോ. കെ. എം. ജോർജ്ജ്



മതവും സമാധാനവും ഇന്നത്തെ ക്കാലത്ത് പ്രധാനപ്പെട്ട ചിന്താവിഷയമാണ്. 1960 ൽ ശക്തമായ Secularisation പാശ്ചാത്യ മതങ്ങളെ പിടിച്ചുകുലുക്കി. മതം പഠിപ്പിക്കുന്ന പ്രത്യയ ശാസ്ത്രങ്ങളെയും ബാധിച്ചു. Doctrinal System തകർന്നുപോയി മതമില്ലാത്ത ജീവന് അസ്തിത്വമില്ല. സകലമതങ്ങളുടെയും സംഗമഭൂമിയാണ് നമ്മുടെ രാജ്യം. രുചിച്ചറിയുന്നവർക്ക് ഇതു പോലൊരു അനുഭവം കിട്ടില്ല. പുരാതന കാലം മുതലേ ഭാരതം മതബോധത്തിൽ ബഹുസ്വരമായിരുന്നു. ഇൻഡ്യയിലെ Pluralism പാശ്ചാത്യരിൽ നിന്ന് വ്യത്യസ്തമാണ്. പുതിയൊരു ലോകം മതമില്ലാത്ത ലോകമല്ല. മനുഷ്യന്റെ സഹകരണം, സമാധാനം ഇവയെ മതം എങ്ങനെ സഹായിക്കും എന്നുള്ളത് കൂടുതൽ ആഴത്തിൽ പഠിക്കണം. മതബോധം സർവ്വജീവജാലങ്ങളുടെയും ഐശ്വര്യത്തിനു വേണ്ടി എങ്ങനെ ഉപയോഗിക്കാൻ പറ്റും എന്ന് കൂടുതൽ ചിന്തിക്കണം. സമസ്ത ലോകത്തിനും സുഖം ഭവിക്കണം എന്നുള്ളതാകണം മതത്തിന്റെ ലക്ഷ്യം.

**മനുഷ്യർക്ക് ഇടയിൽ കൂടുതൽ സഹകരണവും സഹവർത്തിത്വവും പുലർത്തുവാൻ പ്രചോദനം നല്കുന്ന ശക്തിയാവണം മതം.**

## പരസ്പരം പങ്കുവയ്ക്കുമ്പോൾ മതങ്ങൾ ശക്തമാകും

### ഡോ. എം. റ്റി. ചെറിയാൻ

മതങ്ങൾ തമ്മിൽ അകന്നു നില്ക്കുമ്പോൾ പരസ്പരം സംശയ ദൃഷ്ടിയോടെ വീക്ഷിക്കും. പരസ്പരം പങ്കുവയ്ക്കുമ്പോൾ മതം ശക്തമാകും. സമാധാനത്തിനായി കേഴുന്ന



മനുഷ്യർക്ക് സമാധാനം കണ്ടെത്തി കൊടുക്കാൻ മതങ്ങൾക്ക് സാധിക്കുമോ എന്ന് അന്വേഷിക്കണം. മത കലഹങ്ങൾ ഉണ്ടാവാതെ നോക്കണം.

## വ്യക്തിയുടെയും സമൂഹത്തിന്റെയും സംപൂർണ്ണതയാണ് സമാധാനം

### ഫാ. ഡോ. ജേക്കബ് കുര്യൻ



എല്ലാ മതങ്ങളും സമാധാനത്തെ പുണരുകയും പരമലക്ഷ്യങ്ങളിൽ ഒന്നായി കാണുകയും ചെയ്യുന്നു. യേശുക്രിസ്തു പ്രദാനം ചെയ്ത സമാധാനത്തിൽ അധിഷ്ഠിതമാണ് ക്രിസ്തീയ ശിഷ്യത്വം. കൂട്ടായ്മ (Koinonia) സേവനം (Service) എന്ന രണ്ടു തത്വങ്ങളിൽ അധിഷ്ഠിതമായിരുന്നു ആദിമനൂറ്റാണ്ടിലെ സമാധാനത്തിനുള്ള അർപ്പണം. മത-വർഗ-വർണ വ്യത്യാസമില്ലാതെ സകല മാനവരുടെയും സൗഖ്യവും സംരക്ഷണവുമാണ് ക്രിസ്തീയ സാന്നിധ്യ ലക്ഷണം.

വ്യക്തിയുടെയും സമൂഹത്തിന്റെയും സംപൂർണ്ണതയാണ് 'ശാലോം' (സമാധാനം) എന്ന വേദപുസ്തകസംജ്ഞ കൊണ്ട് അർത്ഥമാക്കുന്നത്. ദൈവം സമാധാനത്തിന്റെ ദൈവവും, സഭ ലോകത്തിൽ ദൈവ സമാധാനത്തിന്റെ അടയാളവും വ്യക്താവുമാണ്. നീതിക്കും ക്ഷമയ്ക്കും ഇടയിലും, അരക്ഷിതാവസ്ഥയ്ക്കും സുരക്ഷിതത്വത്തിനും ഇടയിലും, വിലാപത്തിനും സന്തോഷത്തിലും ഇടയിലുമുള്ള മദ്ധ്യസ്ഥതയാണ് യഥാർത്ഥ സമാധാനം.

## വിദ്വേഷവും ബഹുമാനവും സങ്കല്പങ്ങൾ കൊണ്ടാണ് ഉണ്ടാവുന്നത്

### ഡോ. പി. വി. വിശ്വനാഥൻ നമ്പൂതിരി

ആദ്ധ്യാത്മികത ഒരു അനുഭവമാണ്. അത് പറഞ്ഞ് മനസിലാക്കാൻ സാധിക്കുന്നതല്ല. ഏതു മതങ്ങളും അന്വേഷിക്കുന്നത് ഈശ്വരനെയാണ്. നിത്യജീവിതത്തിൽ ഈശ്വരനെ കണ്ടെത്തണം. വിദ്വേഷവും ബഹുമാനവും സങ്കല്പങ്ങൾ കൊണ്ടാണ് ഉണ്ടാവുന്നത്. സങ്കല്പത്തെ അവരവരുടെ ഇഷ്ടമനുസരിച്ച് മാറ്റി മറിക്കാം. എല്ലാ മനുഷ്യരും ഈശ്വരന്റെ സൃഷ്ടിയാണെന്നുള്ള ചിന്തയുണ്ടാവണം. വ്യക്തികളുടെ സമാധാനമാണ് സമൂഹത്തിന്റെ സമാധാനമാക്കി മാറ്റാൻ സാധിക്കുന്നത്. മഞ്ഞുകട്ട പലതായി നിലകൊള്ളുമെ



ങ്കിലും ഉരുകുമ്പോൾ ജലം മാത്രം. മതം എന്നത് ഈശ്വരന്റേതാണ്. ക്രിസ്തുമതം യേശുക്രിസ്തു സ്ഥാപിച്ച മതമല്ല. ഈശ്വരന്റെ മതം നമ്മോടു അറിയിച്ചു എന്നു മാത്രമേയുള്ളൂ. പൂവ് കാണുമ്പോൾ പൂക്കാരൻ വിലയിടും; സ്ത്രീ തലയിലെ അലങ്കാര വസ്തുവായി കാണും; പൂജാരി അർച്ചന ചെയ്യാമെന്ന് വിചാരിക്കും. വണ്ട് തേൻകുടിക്കാൻ നോക്കും. ശാസ്ത്രജ്ഞൻ അതിന്റെ അസംസ്കൃത വസ്തുക്കൾ തേടും. കാഴ്ചപ്പാടുകൾ വ്യത്യസ്തമാണ് അവരവരുടെ വിശ്വാസങ്ങൾക്ക് അനുസരിച്ച് കർമ്മങ്ങൾ അനുഷ്ഠിക്കുമ്പോൾ സമാധാനവും രക്ഷയും ഉണ്ടാകും.



# അന്ധവിശ്വാസവും മതധ്രുവീകരണവും സമാധാനത്തിനു തടസം

ഡോ. ഹുസൈൻ മടവൂർ

സമാധാനത്തിന്റെ മാർഗമാണ് 'ഇസ്ലാം' എന്ന പദം തന്നെ സൂചിപ്പിക്കുന്നത് സമാധാനത്തെയാണ്. ഭാഷാപരമായ അപരിചിതത്വം മൂലം പലപ്പോഴും ഇസ്ലാം മതത്തെ തെറ്റിദ്ധരിക്കാറുണ്ട്. മതങ്ങളുടെയിടയിൽ വൈവിധ്യങ്ങളുണ്ട് വൈവിധ്യങ്ങൾ വൈരുദ്ധ്യങ്ങളല്ല എന്ന് പഠിപ്പിക്കണം. ദൈവവിശ്വാസികളുടെയിടയിൽ ദൈവനിഷേധികളുമുണ്ട്. ദൈവത്തിന്റെ പേരിൽ ആരെയും അനാദരിക്കാൻ പറ്റില്ല. ദൈവം ആദരിച്ച ആളുകളെ അനാദരിക്കാൻ നമുക്ക് കഴിയില്ല. ഖുറാനിൽ അനേക പ്രവാചകന്മാരുടെ പട്ടിക പറയുന്നുണ്ട്. ദൈവത്തിന്റെ സന്ദേശം ഉപദേശിക്കുന്ന മാർഗദർശി വരാത്ത ഒരു പ്രദേശവും ഇല്ല. പ്രവാചകൻമാരുടെയ് യിൽ വേർതിരിവ് കാണിക്കുന്നില്ല. 'നീക്കുവാനല്ല നിവർത്തിപ്പാനാണ് ഞാൻ വന്നിരിക്കുന്നത്' എന്ന് യീസാ നബി പറയുന്നു.




'അള്ളാഹു' എന്ന പദം അറേബ്യൻ വംശജരായ യൂദരും ക്രിസ്ത്യാനികളും ഉപയോഗിക്കുന്നു. അറബി വേദപുസ്തകത്തിൽ 'ദൈവം' എന്ന പദത്തിന് 'അള്ളാഹു' എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. നാം സനാധന ധർമികളാണ് എല്ലാ നന്മകളെയും അംഗീകരിക്കുന്ന ധർമം. 'അള്ളാഹു അക്ബർ' എന്നാൽ 'ദൈവം വലിയവനാണ് 'ആരും അതിനെതിരല്ല.

എന്നാൽ മതം സമുദായമായി മാറി. കക്ഷികൾ ചേർന്ന് സംഘർഷങ്ങൾ ഉണ്ടാക്കി. മതത്തെ ദുരുപയോഗം ചെയ്ത് അനേകർ പണം ഉണ്ടാക്കുന്നു അനുയായികളുടെ വിശ്വസ്തതയെ ചൂഷണം ചെയ്യുന്നു. വിശ്വാസം എന്നത് നിർബന്ധത്താലല്ല മനസിൽ നിന്ന് വരേണ്ടതാണ്. അന്ധവിശ്വാസവും, മതധ്രുവീകരണവും, മതത്തിലേക്ക് ചേർക്കാൻ ബലാല്ക്കാരം നടത്തുന്നതിനും ഇസ്ലാം എതിരാണ്.



**മതാന്തരസംവാദങ്ങളെക്കാൾ സാധാരണജനങ്ങളെ കൂടെ ഉൾക്കൊള്ളുന്ന മതാന്തര കൂട്ടായ്മകളാണ് ഭാരതത്തിനാവശ്യം.**

**വേർതിരിവുകളില്ലാതെ എല്ലാ മനുഷ്യരെയും ഒന്നു പോലെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന ദൈവത്തിന്റെ കരുണയെ മറച്ചുവച്ചുകൊണ്ടാകരുത് മത പ്രബോധനങ്ങൾ**

**മനുഷ്യന്റെയുള്ളിലും മനുഷ്യരുടെയിടയിലും സമാധാന നിർമ്മിതിയായിരിക്കണം മതത്തിന്റെ സമഗ്രമായ ലക്ഷ്യം.**



# വയലിലെ പൂച്ചെടി നല്കുന്ന അദൃശ്യമായ സ്വാന്തനം

ഡോ. സാറാമ്മ വർഗീസ്




*"പുല്ലിനുതുല്ല്യം നരനുടെ നാൾകളഹോ, പൂക്കുന്നിതു വയലിൽ പൂച്ചെടി പോലെ"*

വയലിലെ പൂച്ചെടിയെ കാണുന്നതും, അതിന്റെ ഭംഗിയിൽ ഉള്ളം തെളിയുന്നതും വരമ്പ് വഴി നടക്കുമ്പോൾ ചുറ്റിലുമുള്ള പച്ചപ്പ് ഉള്ളിൽ ഒരു കുളിരായി പടർന്ന് ശാന്തവും ധന്യവുമായ ഒരു അനുഭവമായി മാറുന്നതും എന്റെ കുട്ടിക്കാലത്തെ ഒരനുഭവമാണ്. വിത്തു വിതച്ച ശേഷം നെല്ലിന്റെ തൈകൾ കിളിർത്തു വരുന്ന പാടങ്ങൾ ഒരു പച്ച പരവതാനി വിരിച്ച പോലെയാണ് തോന്നിക്കുക. അത്തരം പാടങ്ങളിൽകൂടെ നടക്കുമ്പോൾ വരമ്പു മുറിഞ്ഞ് എവിടെ വെള്ളം ഒഴുകുന്നോ അവിടെ കാൽ മെല്ലെ വച്ച് ആ വെള്ളത്തിന്റെ മൃദുവായ ഒഴുക്ക് കാലിൽ തൊട്ട് നീങ്ങുന്നതറിഞ്ഞ്, ഉള്ളം കാൽ തൊട്ട് സാവധാനം പടരുന്ന സാന്ത്വനസ്പർശമായി, തലോടലായി മാറുന്നതറിഞ്ഞ് ഒരു ധ്യാനത്തിലേക്ക് നീങ്ങുന്നത് പലരുടെയും ജീവിതത്തിലെ അനുഭവമാണ്. താൻ ചവിട്ടുന്ന മണ്ണിനോട്, കല്ലിനോട്, പുല്ലിനോട് വെള്ളത്തോട് ഇത്രയ്ക്കൊരു ഗാഢബന്ധമാണ് എന്നൊക്കെ ഒരു പക്ഷെ ശൈശവകൗമാരങ്ങളിൽ മനസ്സിലാക്കാൻ കഴിയില്ല. എന്നാൽ അച്ഛനോ അമ്മയോ വഴക്കു പറഞ്ഞതിന്റെയോ, കളിക്കൂട്ടുകാരുമായി വഴക്കടിച്ചതിന്റെയോ, അല്ലെങ്കിൽ കാരണമറിയാതെ വന്നുചേർന്ന ഒരു വിഷാദത്തിന്റെയോ ഒക്കെ അവസാനം ഒരു മുത്തശ്ശിയുടെ മടിയിൽ തല വച്ച് കണ്ണീരൊഴുക്കി മുത്തശ്ശിയുടെ ആശ്വസിപ്പിക്കുന്ന തലോടൽ ഏല്ക്കുന്നത് പോലെ തന്നെയാണ് ഏകാകി (ഏകാകിനിയും)യായ ഒരാൾക്ക് പ്രകൃതി നൽകുന്ന അദൃശ്യമായ സാന്ത്വനം നിറഞ്ഞ ഗാഢാലിംഗനം. ആംഗലേയ കവിയായ വേർഡ്സ്വർത്ത് പോലുള്ളവർ അത്തരം അനുഭവങ്ങൾക്ക് ദൈവീകതയും കല്പിച്ചു നൽകിയിട്ടുണ്ട്. പ്രകൃതിയെ ചിലപ്പോൾ പോറ്റമ്മയായും പ്രകൃതിയിലെ വസ്തുക്കളെ ഈശ്വര ചൈതന്യത്താൽ നിറഞ്ഞ് അലൗകികമായ ഒരു പ്രഭയാൽ വലയം ചെയ്യപ്പെട്ടതായും അദ്ദേഹം കണ്ടിരുന്നു.

വിശാലമായ പറമ്പും പാടവും വയലിലെ പൂച്ചെടിയും അതിനരികെ ഒഴുകുന്ന ചെറിയ അരുവിയും മരങ്ങൾ തിങ്ങി നില്ക്കുന്ന കാവും വന്യമായ സൗന്ദര്യമുള്ള കാനനവുമെല്ലാം അത്തരമൊരു ധ്യാനത്തിന്റെ വെളിച്ചത്തിൽ ഈശ്വരചൈതന്യത്തിന്റെ അനുഭവമായി മാറുന്നു. സൗന്ദര്യത്തിന്റെയും ഭാവനയുടെയും ലോകത്ത് വിരാജിക്കാൻ വെമ്പുന്ന കവിയും അനുദിനജീവിതത്തിന്റെ മടുപ്പിക്കുന്ന ചര്യകളിൽ പെട്ട് ജീവിതത്തിന്റെ ചാരുതകൾ ചോർന്നുപോകുന്നു എന്ന് ഉള്ളാലെ വിലപിക്കുന്ന സാധാരണക്കാരനും ഒരുപോലെ അഗാധ സൗന്ദര്യത്തിന്റെയും മായികതയുടെയും നിഗൂഢലോകമാണ് പ്രകൃതി നൽകുന്നത്. നഷ്ടപ്രണയത്തെക്കുറിച്ചോർത്ത് നിശബ്ദമായി കേഴുന്നയാളും, ആദ്ധ്യാത്മികതയിലെ ആഴമുള്ള അനുഭവങ്ങൾ തേടുന്ന ഋഷിയും, സ്വന്തം കുഞ്ഞ് നഷ്ടം വന്ന അഗാധ ദു:ഖത്തിൽ പതിച്ച മാതാവും ഒക്കെ പ്രകൃതിയുടെ ഈ ഗാഢാലിംഗനത്തിൽ അമരുമ്പോൾ പ്രകൃതിയുടെ അവസാനിക്കാത്ത സ്വർഗ്ഗ ചൈതന്യത്തിൽ നിന്നും തേജസ്സു നിഞ്ഞ പ്രഭയിൽ നിന്നും ഊർജ്ജം ക്കെള്ളുന്നു.

വയലിലെ ചൂച്ചെടി ചവിട്ടിമെതിച്ചു പോകുമ്പോൾ ജീവിതവും നമ്മെ ചവിട്ടിമെതിക്കുന്ന അനുഭവങ്ങൾ വച്ചു നീട്ടിയേക്കാമെന്നും തളരാതെ ആ പുൽക്കൊടിയെപ്പോലെ ചാഞ്ഞും ചരിഞ്ഞും വീണ്ടും തലപൊക്കിയും നില്ക്കണമെന്നും നാമോർക്കുന്നു. വീണ്ടും വീണ്ടും പരാജയപ്പെട്ട് നിരാശനായി ഗുരുസാമീപ്യം തേടിയ സുമോ ഗുസ്തക്കാരനോട് " നീ കടൽ കണ്ടിട്ടില്ലേ, പോയി കടൽ കാണുക" എന്നു പറഞ്ഞ സെൻ ഗുരുവിനെപ്പോലെ പ്രകൃതിയും നമുക്ക് ജീവിതത്തിന്റെ പാഠങ്ങൾ പറഞ്ഞുതരുന്നു. ഞാറുകിളിർത്ത് പൂവായി, കതിരായും പതിരായും മാറുമ്പോഴും ജീവിതത്തെപ്പറ്റി നാമോർക്കുന്നു. നാം വിതയ്ക്കുന്നതും നനയ്ക്കുന്നതും വളർത്തുന്നതുമെല്ലാം നിറകതിരാകണമെന്നില്ലെന്നും പതിരായതിനെയും കത്തിച്ച് ചാമ്പാലാക്കി അടുത്ത കൃഷിക്കുള്ള വളമാക്കാമെന്നുമുള്ള വലിയ പാണ്ഡിത്യമൊന്നുമില്ലാത്ത സാധാരണ കൃഷിക്കാരന്റെ അറിവ് ജീവിതത്തിന്റെ നൈരന്തര്യങ്ങളെക്കുറിച്ച് അഗാധമായി ചിന്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു.

ലാഭേച്ഛ മാത്രം ഭരിക്കാതിരുന്ന വിളവെടുപ്പുകളും ഒരാഘോഷമായിരുന്നുത് ഓർക്കുന്നു. കൊയ്ത്തും മെതിയും നെല്ല് അളക്കലും കച്ചി ഉണക്കലും തുറുവിടലും തുറുവിനു പിന്നിൽ ഒളിച്ചുള്ള കളിയും തുറുവിനു കീഴിൽ നിന്നു തള്ളക്കോഴിയും കുഞ്ഞുങ്ങളും ഇറങ്ങിവരലും എല്ലാംചാടിക്കളിച്ചു നടക്കുന്ന കുട്ടികൾക്ക് മുതിർന്നവരോടൊപ്പം അറിവുപങ്കിടുന്ന വൈവിധ്യം നിറഞ്ഞ അനുഭവങ്ങളായിരുന്നു. ഈ കാർഷികാനുഭവങ്ങളിൽ മനുഷ്യനോടൊപ്പം നിന്നിരുന്ന മൃഗങ്ങളെ നന്നായി നോക്കുന്നതും

രോഗം വന്നാൽ ശുശ്രൂഷിക്കുന്നതും മറ്റൊരുപാഠം. പതിറ്റാണ്ടുകളായി നിന്ന് ജീർണ്ണിച്ച് പാർക്കാൻ കന്നുകാലികളില്ലാത്ത ഒരെരുത്തിൽ പൊളിച്ചു മാറ്റുന്നത് കണ്ടപ്പോൾ ഞാൻ ഓർത്തത് ഡിഗ്രി അവസാന വർഷ പരീക്ഷകഴിഞ്ഞ് ഹോസ്റ്റലിൽ നിന്നു നീണ്ട അവധിക്കെത്തിയ ഒരു പെൺകുട്ടി രാവിലെ മുതൽ രാത്രി വൈകുവോളവും പൂർണ്ണ ഗർഭിണിയായി തളർന്നുപോയ ഒരു പശുവിനെ രണ്ടു മാസത്തോളം ശുശ്രൂഷിച്ചതാണ്. വളരെ പ്രിയപ്പെട്ടവരെപ്പോലും കരുതാൻ, സ്നേഹിക്കാൻ, ശുശ്രൂഷിക്കാൻ ഇന്നത്തെ "വേഗം കൂടിയ" ജീവിതത്തിൽ നമുക്കാവുന്നില്ല. പുരോഗതിയുടെയും വികസനത്തിന്റെയും പാതയിൽ നിന്ന് നമുക്ക് ഒരു പറകോട്ടുപോക്കും ഇനി കഴിയുകയുമില്ല. ഈ ഭൂമിയുടെയും പരസ്പരബന്ധത്തെപ്പറ്റിനാമിന്ന് ബോധമുള്ളവരാണ്. അപ്രത്യക്ഷമാകുന്ന വയലിലെ പൂച്ചെടിയെ ശ്രദ്ധാപൂർവ്വം കാണാനും, ഒരു പൂച്ചെടിയെയും, മരത്തെയും നമ്മുടെ മുറ്റത്ത് സംരക്ഷിക്കാനും അതിനെ നോക്കി നോക്കി അഗാധമായ ഒരു ധ്യാനത്തിന്റെ ഉണർവ്വിലേക്ക് ഉയരാനും നമുക്ക് കഴിയും. അതാകട്ടെ നമ്മുടെ വ്യക്തിജീവിതത്തിലെയും സമൂഹജീവിതത്തിലെയും ആദ്ധ്യാത്മീകതയിലേക്കുള്ള ഒരു വഴി.

**വേദസാരം**

# സെറാംപൂർ ബി.ഡി. ബിരുദം പുതിയ പാഠ്യപദ്ധതിയിൽ

**ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ**

സെറാംപൂർ സർവ്വകലാശാല ബിരുദധാരികൾക്ക് നാലു വർഷവും പ്ലസ് ടു കഴിഞ്ഞവർക്ക് അഞ്ചുവർഷവും പഠിക്കുവാൻ തക്കവിധം ബി. ഡി. ബിരുദ പാഠ്യപദ്ധതി പരിഷ്ക്കരിച്ചു. പുതിയ നിയമങ്ങളും പാഠ്യപദ്ധതിയും അനുസരിച്ചുള്ള പഠനക്രമം 2010 അക്കാദമിക്ക് കലണ്ടർ മുതൽ നിലവിൽ വന്നു. ബി. ഡി. പാഠ്യപദ്ധതിയുടെ പരിഷ്ക്കരണ സമിതി വിവിധ തലങ്ങളിൽ 2006 മുതൽ നടത്തിയ വിവിധ ചർച്ചകളിൽ നിന്നും വിദഗ്ദ്ധോപദേശങ്ങളിൽ നിന്നും രൂപപ്പെടുത്തിയതാണ് പുതിയ പഠനപദ്ധതി. മാറിവരുന്ന പുത്തൻ സാഹചര്യങ്ങളിൽ ഇടയശുശ്രൂഷ ഫലപ്രദമായി നിർവ്വഹിക്കുന്നതിനുള്ള ജീവിതവും ദൗത്യവും ലക്ഷ്യമാക്കുന്നതാണ് പുതിയ സിലബസ്.

വിജ്ഞാനശാഖാന്തരവും (Inter-disciplinary), സമഗ്രവുമായ (Integrated) സമീപനത്തിലാണ് ബോധനത്തിന്റെ രീതിശാസ്ത്രം ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഇടയശുശ്രൂഷയിൽ ഉയർന്നുവരുന്ന വിവിധങ്ങളായ ചോദ്യങ്ങൾക്കും സംഘർഷങ്ങൾക്കും സമകാലികമായ ഉത്തരങ്ങൾ വേദവിശകലന വീക്ഷണത്തിൽ രൂപപ്പെടുത്തുവാൻ സജ്ജമാക്കുന്ന ബോധന പദ്ധതിയാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. അതിനാൽ സാമൂഹിക ജീവിതത്തിന്റെ യഥാർത്ഥമുഖങ്ങൾ തിരിച്ചറിയുന്നതിനായി നിർബന്ധിതമായ പ്രായോഗിക പരിശീലനം പുത്തൻ പാഠ്യപദ്ധതിയുടെ അഭിഭാജ്യഘടകമാണ്.

രണ്ട് നൂറ്റാണ്ടിന്റെ പാരമ്പര്യമുള്ള സെറാംപൂർ കോളജ് ആരംഭിച്ചത് 1818 ലാണ്. ഡാനീഷ് മിഷനറിമാരായ വില്യംകേറി (1761–1 834), ജോഷ്വാ മാർഷ്മാൻ (1768– 1837), വില്യം വാർഡ് (1769–1823) എന്നിവർ യുവതലമുറയുടെ ബോധനം ലക്ഷ്യമാക്കി കോളജ് ആരംഭിച്ചു.

വിവിധതര ജീവിത സാഹചര്യങ്ങളിലും ചുറ്റുപാടിലുമുള്ള ദൈവജനത്തിന് വേദശാസ്ത്ര വിദ്യാഭ്യാസം നൽകുന്നത് അർത്ഥപൂർണ്ണമായ ക്രിസ്തീയ ജീവിതവും സാക്ഷ്യവും നിർവ്വഹിക്കുന്നതിനാണ്. ആരാധന, വേദവ്യാഖ്യാനം, കൂട്ടായ്മ, സാമൂഹിക വിശകലനം, ആതുരസേവനം, വിവിധതര ദൗത്യനിർവ്വഹണം എന്നിവയെല്ലാം പാർശ്വവൽക്കരിക്കപ്പെട്ട ജനതയുടെ സമഗ്രമായ വിമോചനം ലക്ഷ്യമാക്കിയുള്ളതാവണം എന്ന് പുതിയ സിലബസ് നിർദ്ദേശിക്കുന്നു. പ്രത്യേകിച്ച് ദലിതർ, ആദിവാസികൾ, ഗോത്രവർഗ്ഗക്കാർ, സ്ത്രീകൾ, വികലാംഗർ, എച്ച്. ഐ. വി-എയ്ഡ്സ് ബാധിതർ എന്നിവരോട് ശക്തമായ പ്രതിബദ്ധത പുലർത്തുന്ന ഇടയശുശ്രൂഷയും വേദവ്യാഖ്യാന-പ്രബോധനരീതികളും വളർത്തിയെടുക്കണം.

ബഹുമതസംസ്കാരിക പശ്ചാത്തലത്തിൽ മാനവജനതയോടുള്ള അനുരഞ്ജനവും സൃഷ്ടി മുഴുവന്റെയും പുതുക്കവും ഇടയപരിപാലന ദൗത്യത്തിന്റെ ഭാഗമായിതീരുന്നു. അതിനാൽ മതാന്തരസംവാദങ്ങൾക്കും പാരിസ്ഥിതിക പ്രശ്നങ്ങൾക്കും ക്രിയാത്മകമായ മുന്നേറ്റവും അർത്ഥവും ബോധനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

ബോധനപ്രക്രിയയിലൂടെ സമഗ്രവും സമ്പൂർണ്ണവുമായ ആദ്ധ്യാത്മികതയിലേക്ക് (Integral and holistic spirituality) വേദശാസ്ത്രവിദ്യാർത്ഥികളെ ക്രിസ്തുവിന്റെ സുവിശേഷത്തിലും പരിശുദ്ധാത്മാവിന്റെ നടത്തിപ്പിലും നയിക്കുകയാണ് ലക്ഷ്യം. സഭയിലും സമൂഹത്തിലും സുവിശേഷ മൂല്യത്തിൽ അധിഷ്ഠിതമായ ഇടയശുശ്രൂഷ ഫലപ്രദമായി നിർവ്വഹിക്കുവാൻ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും നേതാക്കന്മാരേയും വാർത്തെടുക്കുക എന്ന വ്യക്തമായ ദർശനമാണ് പാഠ്യപദ്ധതിയുടെ പരിഷ്ക്കരണത്തിന്റെ മുഖ്യലക്ഷ്യം. വിമോചനം (Liberation), സാകല്യം (Inclusive) എക്യുമെനിക്കൽ (Ecumenical), പരിവർത്തനം (Transformation) എന്നീ വീക്ഷണങ്ങളിൽ അധിഷ്ഠിതമായിട്ടാണ് ഓരോ പാഠ്യപദ്ധതിയും രൂപശില്പം ചെയ്തിരിക്കുന്നത്. ഇതര സംസ്കാരങ്ങളോടും പാരമ്പര്യ-വിശ്വാസങ്ങളോടും ബഹുമാനവും വിശാലവീക്ഷണവും രൂപപ്പെടുത്തുവാനുള്ള പരിശീലനവും നൽകുന്നു.

സാമൂഹിക, സാംസ്കാരിക, സാമ്പത്തിക, രാഷ്ട്രീയ, സഭാപരമായ മൂല്യങ്ങളെയും സ്വന്തം വിശ്വാസ പാരമ്പര്യങ്ങളെയും ഇതര വിശ്വാസത്തേയും വിമർശനാത്മകവും ക്രിയാത്മകവും ആയി സമീപിക്കുവാനുള്ള ആത്മീകവും ബൗദ്ധികമായ നിലവാരത്തിൽ എത്തിച്ചേരുവാനുള്ള ബോധനമാണ് പുതിയ വേദശാസ്ത്ര ബിരുദത്തിന്റെ അന്തർധാര. സമൂഹത്തിൽ നീതിയും, സമാധാനവും, സൃഷ്ടിയുടെ സമഗ്രതയും പ്രദാനം ചെയ്ത് 'പുതിയ സൃഷ്ടിയുടെ സാക്ഷ്യം' നിർവ്വഹിക്കുവാൻ പഠനം പര്യാപ്തമാക്കുന്നു. വ്യക്തിജീവിതത്തിലും സാമൂഹിക സഭാ ജീവിതത്തിലും പരിവർത്തനാത്മകവും സാമൂഹികവും ആദ്ധ്യാത്മികവുമായ നവീകരണം പങ്കിടുവാനും ബി. ഡി. പഠനത്തിൽ പ്രബോധിപ്പിക്കുന്നു.

പുതിയ ബി. ഡി. പാഠ്യപദ്ധതിയിൽ പ്രധാനമായും അഞ്ച് വിഭാഗങ്ങളാണുള്ളത്. 1. പുതിയ-പഴയ നിയമ വിഭാഗങ്ങൾ ഉൾക്കൊള്ളുന്ന വേദപുസ്തക വിഭാഗം (Biblical Cluster), 2. സാമൂഹിക വിശകലനം, എത്തിക്സ് എന്നിവ ഉൾക്കൊള്ളിച്ചുള്ള വേദശാസ്ത്രവിഭാഗം (Theology Cluster), 3. സമൂഹം, സംസ്കാരം, മതം, എന്നിവചേരുന്ന മതവിഭാഗം (Religious Cluster), 4. സഭാചരിത്രവും മിഷനും ഉൾക്കൊള്ളുന്ന ചരിത്ര-മിഷൻ വിഭാഗം (History-Mission Cluster) 5. കൗൺസലിങ്ങ്, ക്രിസ്തീയവിദ്യാഭ്യാസം, പ്രഭാഷണം, കമ്മ്യൂണിക്കേഷൻ എന്നിവ സമന്വയിപ്പിച്ചുള്ള മിനിസ്റ്ററി വിഭാഗം (Min i stry Cluster). വിവിധ വിഷയങ്ങൾ വിശകലനം ചെയ്യുന്ന സമന്വയ വിഭാഗവും (Integrated Cluster), വിജ്ഞാനശാഖാന്തര വിഭാഗവും (Inter-disciplinary Cluster) ഇതോടൊപ്പം ഉണ്ട്.

സെറാംപൂർ നിശ്ചയിച്ചിരിക്കുന്ന പാഠ്യപദ്ധതിയിൽ അതതു കോളജുകൾക്ക് താല്പര്യമുള്ള വിഷയങ്ങളും പാഠ്യപദ്ധതിയും ഉൾക്കൊള്ളിക്കുവാനുള്ള അവസരം പുതിയ സിലബസ്സിലും ഉണ്ട്.

ബി. ഡി. കോഴ്സിന്റെ നിയമാവലിയും സിലബസ്സും ഉൾക്കൊള്ളിച്ചുള്ള ഗ്രന്ഥം 2010 ൽ സെറാംപൂർ പ്രസിദ്ധീകരിച്ചു. സെമിസ്റ്റർ തിരിച്ചുള്ള സിലബസ്സും നിയമാവലിയും ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം 'സ്റ്റുഡന്റ്സ് ഫ്രണ്ടിലി'യാണെന്ന് സെറാംപൂർ കോളജ് രജിസ്ട്രാർ റവ. ഡോ. രവി തിവാരി അവകാശപ്പെടുന്നു.

---

**പ്രതിസ്പന്ദനം**

# പ്രബോധനശബ്ദത്തിന്റെ കാറ്റുവീണാൽ

**പി. വി. മാത്യു, എറണാകുളം**



വിവാഹം ഒരു കൂദാശയാണ് എന്ന സത്യം പലപ്പോഴും നാം വിസ്മരിക്കുന്നു. ആത്മീയതും അനുഗ്രഹത്തിന്റെയും പകരം ഗ്ലാമർ പ്രദർശനത്തിനുള്ള വേദിയായി കൗദാശീക കർമങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. പ്രൗഢി കാണിക്കുവാനുള്ളതല്ല ഇത്തരം സന്ദർഭങ്ങൾ എന്ന് ഓർക്കണം.

ഋഷിതുല്യനായ അഭി.ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടേതാണ് മേൽപറഞ്ഞ വാക്കുകൾ(മലങ്കരസഭാപത്രിക, 2010 ജൂൺ 16–30). നമ്മുടെ സഭയിൽ കണ്ടുവരുന്നചില ദുഷ്പ്രവണതകളെക്കുറിച്ചാണ് അഭി.തിരുമേനിയുടെ പരാമർശം. ഈ വാക്കുകൾക്ക് നമ്മുടെ ഇടയിൽ ചലനം സൃഷ്ടിക്കുവാൻ കഴിയണം. കാരണം, വി.കൂദാശകളെ വെറും ചടങ്ങുകളായും വി.ദേവാലയങ്ങളെ പ്രൗഢിയും പ്രതാപവും കാട്ടാനുള്ള വേദിയായും കാണുന്ന പ്രവണത ഇന്ന് ഏറിവരികയാണ്. അവക്കെതിരെയുള്ള പ്രബോധനശബ്ദം കുറഞ്ഞുവരികയും ചെയ്യുന്നു.ന

ധൂർത്തും ആർഭാടവും സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടത്തിലാണ് ഇന്ന് നാം ജീവിക്കുന്നത്. എന്തും ഏതും ആഘോഷമാക്കുന്നതാണ് ഇന്നത്തെ രീതി. വിവാഹം മാത്രമല്ല, വിവാഹ നിശ്ചയം, മാമ്മോദീസാ തുടങ്ങിയവയെല്ലാം പ്രൗഢി കാട്ടാനുള്ള ആഘോഷങ്ങളാക്കി മാറ്റിയിരിക്കുന്നു. ഓർത്തഡോക്സ് ദർശനങ്ങൾക്കും വിശ്വാസത്തിനും പഠിപ്പിക്കലുകൾക്കും പാരമ്പര്യങ്ങൾക്കും ഒട്ടും അനുയോജ്യമല്ലാത്ത ഇത്തരം പ്രവണതകൾക്കെതിരെ ശബ്ദിക്കാനുള്ള ആത്മധൈര്യം നമ്മുടെ ഇടയിൽ ചോർന്നുപൊയ്ക്കൊണ്ടിരിക്കുന്നു. ശബ്ദിക്കേണ്ടവർ കണ്ടില്ലെന്ന്ഭാവിക്കുകയോ കണ്ടാലും മിണ്ടാതിരിക്കുകയോ ചെയ്യുന്നു.

തന്മൂലം വ്യക്ത്തികൾക്ക് ആർഭാടം കാട്ടാനുള്ള വേദികളായി വി. ദേവാലയങ്ങളെയും ഉപയോഗപ്പെടുത്തുന്ന സ്ഥിതിയിലേക്ക് നാം എത്തിയിരിക്കുന്നു. വിവാഹങ്ങളുടെ കാര്യംതന്നെയെടുക്കാം. സൽക്കാരവേദിയിലെ പുഷ്പാലങ്കാരങ്ങളും തോരണങ്ങളും ഒക്കെ ദേവലയങ്ങളിലേക്കും വ്യാപിച്ചുതുടങ്ങിയിരിക്കുന്നു. **കുട്ടിയുടുപ്പുകൾ ധരിപ്പിച്ച കസേരകൾ പള്ളി നിറയെ നിരത്തിയിട്ടിരിക്കുന്ന കാഴ്ചയും അപൂർവമല്ല.** ഈ അലങ്കാരങ്ങളെല്ലാം ചേരുമ്പോൾ ഒരു ബാങ്കെറ്റ് ഹാളിലെ പ്രതീതിയാണ് പള്ളിയിലേക്ക് പ്രവേശിക്കുമ്പോൾ ഉണ്ടാവുക.

പള്ളി വികാരിയും കമ്മിറ്റിക്കാരും ഇത് എങ്ങനെ അനുവദിക്കുന്നു എന്ന ചോദ്യം സ്വാഭാവികമായും ഉയരാം. പക്ഷെ, ഏതെങ്കിലും ഒരു ഉന്നത വ്യക്തിയുടേതാവുമ്പോൾ എതിർപ്പ് ഇല്ലാതാവുകയോ മയപ്പെടുകയോ ചെയ്യുന്നു. സ്വാധീനമോ സാമ്പത്തികമോ ഒക്കെ ഇതിന്റെ പിന്നിലുണ്ടാവാം. എന്നാൽ, ഒരു സാധരണ ഇടവകാംഗത്തിന് ഇത്തരം ഇളവുകൾ ലഭിക്കുന്നില്ല എന്നതും ഓർക്കണം.

ഇങ്ങനെ ഏതെങ്കിലും ഒരു വ്യക്തിക്കു വേണ്ടി യഥേഷ്ടം മാറ്റിമറിക്കാവുന്നതാണോ വി.ദേവാലയത്തിലെ സംവിധാനങ്ങൾ? ദൈവഭക്തിയും ആത്മീയചിന്തകളും ഉണർത്തുന്ന വസ്തുക്കളോ പ്രതീകങ്ങളോ ഒക്കെയേ ഒരു ഓർത്തഡോക്സ് ദേവാലയത്തിൽ ഉണ്ടാവാറുള്ളൂ. മറ്റു ചില സഭകളുടെ പള്ളികളിൽ കണ്ടുവരുന്ന പുഷ്പാലങ്കാരങ്ങളോ പ്രതിമകളോ രൂപക്കൂടുകളോ ഓർത്തഡോക്സ് ദേവാലയങ്ങളിൽ ഇല്ല. ഓർത്തഡോക്സ് ദർശനങ്ങളാണ് ഇതിന് ആധാരം. **പ്രാർത്ഥനയ്ക്കും ആരാധനയ്ക്കുമുള്ള ഇടവും ദൈവചൈതന്യം കുടികൊള്ളുന്ന വിശുദ്ധ സ്ഥലവുമാണ് ദേവാലയമെന്നതിനാൽ അതിനുള്ള അന്തരീക്ഷമാണ് അവിടെ സൃഷ്ടിക്കപ്പെടേണ്ടത്. ഇതിന് ഭംഗം വരുത്തുന്ന യാതൊന്നും അവിടെ ഉണ്ടായിക്കൂടാ.**

ദേവാലത്തിൽ പ്രവേശിക്കുന്നവർ, വിശിഷ്യാ കൂദാശകളും പ്രാർഥനകളും നടത്തുമ്പോൾ, പാലിക്കേണ്ട ചില പെരുമാറ്റ ചട്ടങ്ങളും ആചാര-മര്യാദകളുമുണ്ട്. ഓർത്തഡോക്സ് ദർശനങ്ങളും വിശ്വാസാചാരങ്ങളും പാരമ്പര്യങ്ങളും സംസ്കാരവുമൊക്കെ പ്രതിഫലിക്കുന്നതാണ് ഈ ചട്ടങ്ങൾ. പള്ളിക്കുള്ളിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും വെവ്വേറെ സ്ഥലങ്ങൾ ക്രമീകരിച്ചിട്ടുള്ളതും പാദരക്ഷകൾ നിരോധിച്ചിട്ടുള്ളതും സ്ത്രീകൾ ശിരസ്സ് മറയ്ക്കണമെന്നുള്ളതുമൊക്കെ ഈ പശ്ചാത്തലത്തിലാണ്. ഓർത്തഡോക്സ് വിശ്വാസികൾ പള്ളിയിൽ നിന്ന്കൊണ്ടാണ് ആരാധനയിലും മറ്റും പങ്കെടുക്കുന്നത്; ഇരിപ്പിടങ്ങളിൽ ഇരുന്നുകൊണ്ടല്ല.

എന്നാൽ ഈ വിശ്വാസാചാരങ്ങളൊക്കെ ലാഘവത്തോടെ കാണുകയോ ലംഘിക്കുകയോ ചെയ്യുന്ന അവസ്ഥ ഇന്നു പല പള്ളികളിലുമുണ്ട്. മുൻ കാലങ്ങളിൽ പ്രായാധിക്യമുള്ളവർപോലും പള്ളിയിൽ നിന്നുകൊണ്ട് കുർബാനയിലും മറ്റും പങ്കെടുക്കുന്ന കാഴ്ച സാധാരണമായിരുന്നു. ഇന്ന് പള്ളിക്കുള്ളിൽ ഇരിപ്പിടങ്ങളുടെ എണ്ണം ഏറിവരുന്നതിൽനിന്നും മനസ്സിലാക്കേണ്ടത് നമ്മുടെ സഭയിൽ രോഗികളും അവശരായവരും പെരുകി എന്നതല്ലേ?

വിവാഹം പോലുള്ള അവസരങ്ങളിൽ പള്ളികളിലെ സ്ഥിതി ഭയാനകംതന്നെയാണ്. ഏല്ലാ ചട്ടങ്ങളും നിർദ്ദേശങ്ങളും അവിടെ ലംഘിക്കപ്പെടുന്നു. ആർക്കും എങ്ങനെയും കേറിയിറങ്ങാം എന്ന സ്ഥിതിവിശേഷമുണ്ട്.

മറ്റു മതവിഭാഗങ്ങൾ അവരുടെ ആരാധനലയങ്ങളെ എത്ര പവിത്രമായിട്ടാണ് കാണുന്നതെന്നുകൂടി നാം അറിയണം. അവിടെയെല്ലാം വിവിധങ്ങളായ പെരുമാറ്റച്ചട്ടങ്ങളും ആചാര-മര്യാദകളും സന്ദർശകർക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. ആരാധനാലയങ്ങളിൽ പാദരക്ഷകൾക്കുള്ള വിലക്ക് സർവ്വസാധാരണമാണ്. **ചിലയിനം വസ്ത്രങ്ങൾ അനുവദനീയമല്ലാത്ത ഹിന്ദു ക്ഷേത്രങ്ങളും അന്യമതസ്ഥർക്ക് പ്രവേശനമില്ലാത്ത ക്ഷേത്രങ്ങളും ഈ കേരളത്തിൽത്തന്നെയുണ്ട്. പ്രസിഡന്റോ പ്രധാനമന്ത്രിയോ ആയിവന്നാലും ഈ ചട്ടങ്ങളിൽ ഒരു ഇളവും അനുവദിക്കാറില്ല;** അങ്ങനെ എന്തെങ്കിലും ഇളവ് അവർ ആവശ്യപ്പെടാറുമില്ല. മറിച്ച്, അതാതു സ്ഥലത്തെ നിയമങ്ങളും ആചാരങ്ങളും അവർ സർവാത്മനാ അനുസരിക്കുകയാണ് ചെയ്യുന്നത്.

മുസ്ലിങ്ങളുടെ ഇടയിലും ചട്ടങ്ങൾ കർശനമാണ്. അംഗശുദ്ധി വരുത്തിയതിയ ശേഷമേ വിശ്വാസികൾ നിസ്ക്കരിക്കാൻ പള്ളിയിൽ പ്രവേശിക്കൂ. സ്ത്രീകൾക്ക് പ്രവേശനാനുമതിയുള്ള പള്ളികളിൽ, അവർ നിസ്ക്കരിക്കാനുള്ള സ്ഥലം വേർതിരിച്ചിട്ടുണ്ടാവും. ഉന്നതരും സാധാരണ

*പേജ് 11–ൽ തുടരും*



# ഭദ്രാസനങ്ങളിലൂടെ

10

## ഇടുക്കി

ഭദ്രാസന ആസ്ഥാനങ്ങളിൽ അഭിവന്ദ്യ തിരുമേനിമാരുമായി **റോയ് ചാക്കോ ഇളമണ്ണൂർ** നടത്തിയ അഭിമുഖങ്ങളാണ് ഈ പംക്തിയിൽ പ്രസിദ്ധീകരിക്കുന്നത്. കാൽ നൂറ്റാണ്ടുകാലമായി മാധ്യമരംഗത്തു പ്രവർത്തിക്കുന്ന ലേഖകൻ സഭാ പ്രസിദ്ധീകരണങ്ങളിലുൾപ്പെടെ അഞ്ഞൂറിലേറെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇന്ത്യൻ ഇൻഫർമേഷൻ സർവ്വീസിൽ ഓഫീസറായ ലേഖകൻ ഇപ്പോൾ തിരുവനന്തപുരം ഓൾ ഇന്ത്യാ റേഡിയോയിൽ ന്യൂസ് എഡിറ്ററായി സേവനമനുഷ്ഠിക്കുന്നു.

**കോ**ട്ടയം ഭദ്രാസനത്തിന്റെ കിഴക്കൻ മേഖലയിലുള്ള 32 പള്ളികൾ ചേർത്ത് 1982 ൽ രൂപീകൃതമായ ഇടുക്കി ഭദ്രാസനത്തിൽ ഇപ്പോൾ 34 പള്ളികളുണ്ട്. പാമ്പാടുംപാറയിൽ പണിപൂർത്തിയായിരിക്കുന്ന പള്ളികളും മുണ്ടക്കയം, കൊടികുത്തി എന്ന സ്ഥലത്ത് പണിതുകൊണ്ടിരിക്കുന്ന പള്ളിയും കൂടി ചേരുമ്പോൾ എണ്ണം 36 ആകും.

വണ്ടൻമേട്, പുളിയൻമല എന്നിവിടങ്ങളിലെ രണ്ട് പള്ളികൾ മറ്റ് സമുദായങ്ങൾക്കുകൂടി അവകാശപ്പെട്ട യൂണിയൻ ചർച്ചുകളാണ്. പ്രസിദ്ധ ടൂറിസ്റ്റ് കേന്ദ്രമായ തേക്കടിക്ക സമീപമുള്ള സ്ഥമാണ് കുമളി. കോട്ടയത്ത് നിന്നും 109 കിലോമീറ്റർ അകലെ കേരളത്തിന്റെയും തമിഴ്നാടിന്റെയും അതിർത്തിയിലുള്ള ചെറിയ പട്ടണമാണ് കുമളി. കാഞ്ഞിരപ്പള്ളി, മുണ്ടക്കയം, കുട്ടിക്കാനം, പീരുമേട്, വണ്ടിപ്പെരിയാർ എന്നീ സ്ഥലങ്ങളിലെ മലയോരപാതയിലൂടെ, തേയിലത്തോട്ടങ്ങൾക്കിടയിലൂടെ കുമളിയിലേയ്ക്കുള്ള യാത്ര നയനമനോഹരദൃശ്യങ്ങൾ നല്കുന്നു. പീരുമേട്ടിൽ നിന്ന് കുമളിക്ക് 30 കി.മീ. ദൂരമേയുള്ളൂ. ഉയർന്ന സ്ഥലമായതിനാൽ കുമളിയിൽ നല്ല തണുപ്പാണ്. തണുപ്പുകാലത്താകട്ടെ അതി ശൈത്യവും. തമിഴ്നാട്ടിലെ തേനി ജില്ലയ്ക്ക് സമീപമാണ് കുമളി. കുമളിയിലെത്തിയാൽ ഇത് അതിർത്തി പട്ടണമാണെന്ന് പെട്ടെന്ന് തന്നെ അറിയാം. ജനങ്ങളിൽ നല്ലൊരു ഭാഗവും തമിഴർ തന്നെ. ധാരാളം സുഗന്ധവ്യഞ്ജനങ്ങളുടെ കടകളുള്ള കുമളിയിൽ നിന്നാണ് തേക്കടിയിലേക്കുള്ള റോഡ്. കോഴിക്കോട് ജില്ലയിലെ താമരശ്ശേരിക്കു സമീപമുള്ള കൊടുവള്ളിയിൽ അമ്പതിലേറെ സ്വർണ്ണക്കടകളുണ്ട്. അതുപോലെ കുമളി നിറയെ സുഗന്ധവ്യഞ്ജനക്കടകളാണ്.

കുമളിയിൽ നിന്നും മൂന്നാറിലേയ്ക്കുള്ള ദേശീയപാതയിൽ 10 കിലോമീറ്റർ അകലെ ചക്കുപള്ളം എന്ന സ്ഥലത്താണ് ഇടുക്കി ഭദ്രാസന ആസ്ഥാനമായ ഗദ്സീമോൻ അരമന. മലങ്കരസഭയുടെ, മലനാട്ടിലുള്ള കാര്യാലയമാണിത്. കുടിയേറ്റക്കാരായ കർഷകരുടെയും തേയിലത്തോട്ടങ്ങളിൽ ജോലി ചെയ്യുന്ന ജനങ്ങളുടെയും നാടായ ഇടുക്കി ഭദ്രാസനത്തിലെ ഓർത്തഡോക്സുകാരിൽ ഭൂരിഭാഗവും കർഷകരും കർഷകതൊഴിലാളികളുമാണ്. കോടീശ്വരന്മാരായ പ്ലാന്റർമാരും വലിയ പണക്കാരായ ബിസിനസ്സുകാരും ടൂറിസ്റ്റ് വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരും ഒക്കെ ഉൾപ്പെടുന്ന കുമളി പട്ടണത്തിന് സമീപമുള്ള ഭദ്രാസന ആസ്ഥാനത്തേക്കുള്ള യാത്ര ഒരു ടൂറിസ്റ്റ് കേന്ദ്രത്തിലേക്കുള്ള യാത്രയായും നമുക്കനുഭവപ്പെടും. തേക്കടിയിലെത്തുന്ന ടൂറിസ്റ്റുകൾക്കെല്ലാം തൊട്ടടുത്ത പട്ടണമായ കുമളിയാണാശ്രയം. ഇക്കാരണത്താൽ കുമളിയിൽ ഹോട്ടൽ വ്യവസായവും വളർന്ന് പന്തലിച്ചു കൊണ്ടിരിക്കുന്നു.

ഇടുക്കി ഭദ്രാസനത്തിലെ പ്രസിദ്ധമായ തീർത്ഥാടന കേന്ദ്രമാണ് പുറ്റടി കുരിശുമല. അരമനയിൽ നിന്നും 6 കിലോമീറ്റർ അകലെയുള്ള ഇവിടുത്തെ പള്ളിയിൽ പരുമലതിരുമേനിയുടെ തിരുശേഷിപ്പ് സ്ഥാപിച്ചിട്ടുണ്ട്. പുറ്റടി സെന്റ് മേരീസ് ദേവാലയത്തോടു ചേർന്നുള്ള കർമ്മേൽ മാർ ഗ്രീഗോറിയോസ് കുരിശുമല മലങ്കരസഭയുടെ തന്നെ ഏക കുരിശുമല തീർത്ഥാടനകേന്ദ്രമാണ്. എല്ലാ വെള്ളിയാഴ്ചകളിലും വളരെയേറെ വിശ്വാസികൾ പ്രാർത്ഥനയ്ക്കായി ഇവിടെ എത്തുന്നുണ്ട്. നാനാജാതിമതസ്ഥരും ധാരാളം ഇവിടെയെത്തുന്നു.

ഈ ഭദ്രാസനത്തിലെ 34 പള്ളികളിൽ 25 പള്ളികളിലും 100 ൽ താഴെ മാത്രമേ വീട്ടുകാരുള്ളു. ഇവയിൽ 16 പള്ളികളിൽ വീട്ടുകാരുടെ എണ്ണം 50 ൽ താഴെ മാത്രം. അതായത് ചെറിയ ഇടവകകൾ ഏറെയുള്ള ചെറിയ ഭദ്രാസനമാണ് ഇടുക്കി. വലിയ ഇടവകകൾ വെറും 4 മാത്രം. ഏറ്റവും വലിയ ഇടവകയായ കുങ്കിരിപ്പെട്ടി സെന്റ് തോമസ് കത്തീഡ്രലിൽ കുടുംബങ്ങളുടെ എണ്ണം 350 മാത്രം. രണ്ടാമത്തെ വലിയ ഇടവകയായ നെറ്റിത്തൊഴു സെന്റ് ജോർജ്ജ് വലിയ പള്ളിയിൽ 330 വീട്ടുകാർ. മൂന്നാമത്തെ വലിയ ഇടവകയായ അയ്യപ്പൻകോവിൽ സെന്റ് മേരീസ് പള്ളിയിൽ 220 കുടുംബങ്ങളും, നാലാമത്തെ വലിയ ഇടവകയായ തേക്കടി സെന്റ് ജോർജ്ജ് പള്ളിയിൽ 215 കുടുംബങ്ങളും ഉണ്ട്. കുടുംബങ്ങളുടെ എണ്ണത്തിൽ തൊട്ടടുത്ത് നിൽക്കുന്ന (അഞ്ചാം സ്ഥാനത്ത്) മുണ്ടിയെരുമ സെന്റ് മേരീസ് പള്ളിയിൽ 150 ഭവനങ്ങളാണുള്ളത്.

പുള്ളിക്കാനം സെന്റ് പീറ്റേഴ്സ് പള്ളിയിൽ 5 കുടുംബങ്ങൾ മാത്രം. ഉപ്പുകുന്ന് സെന്റ് മേരീസ് (14 ഭവനങ്ങൾ), പീരുമേട് സെന്റ് തോമസ്(15 ഭവനങ്ങൾ), വെള്ളിമല സെന്റ് തോമസ് (15 ഭവനങ്ങൾ), പള്ളിക്കുന്ന് സെന്റ് ജോർജ്ജ് (16 ഭവനങ്ങൾ) എന്നിവയാണ് പുള്ളിക്കാനം കഴിഞ്ഞാൽ ചെറിയ 4 ഇടവകകൾ.

ഭദ്രാസനത്തിലെ 2700 കുടുംബങ്ങളിലെ പതിമൂവായിരത്തിലേറെ വിശ്വാസികൾക്ക് വേണ്ടി 26 വൈദികർ സേവനമനുഷ്ഠിക്കുന്നു. 4 ശെമ്മാശന്മാരും 4 സെമിനാരി വിദ്യാർത്ഥികളും ഇപ്പോൾ ഭദ്രാസനത്തിലുണ്ട്.

കുടിയേറ്റ കർഷകരുടെയും പ്ലാന്റർമാരുടെയും മേഖലയാണ് ഇടുക്കി. കാർഷിക സംസ്കൃതി ഇടുക്കിയുടെ മുഖമുദ്രയാണ്. ഇത് ഭദ്രാസന ആസ്ഥാനത്തും പ്രകടമാണ്. അവിടെയുള്ള ഏഴ് ഏക്കറോളം വസ്തുവിൽ മലഞ്ചരക്ക് വിളകളായ ഏലം, കാപ്പി, കുരുമുളക് മുതലായവ കൃഷി ചെയ്യുന്നുണ്ട്. നാലഞ്ചു പശുക്കളെയും നാലഞ്ച് ആടുകളെയും ഇവിടെ വളർത്തുന്നുണ്ട്. ഇത്രയും വളർത്തുമൃഗങ്ങളുള്ള ഭദ്രാസനആസ്ഥാനം ഓർത്തഡോക്സ് സഭയിൽ വിരളമാണ്.

**1. മറ്റുള്ള ഭദ്രാസനങ്ങളിലെ ജനങ്ങൾക്ക് ഇടുക്കി ഭദ്രാസനത്തിലെ പള്ളികൾ സ്ഥിതി ചെയ്യുന്ന സ്ഥലപ്പേരുകൾ അത്ര പരിചിതമല്ലല്ലോ. ആയതിനാൽ ആ സ്ഥലപ്പെരുകൾ ഒന്നു പരിചയപ്പെടുത്തുന്നു:**

അയ്യപ്പൻകോവിൽ, ഏലപ്പാറ, ഉപ്പുതറ, കാഞ്ചിയാർ, കമ്പംമേട്, കരുണാപുരം, പള്ളിക്കുന്ന്, പുള്ളിക്കാനം, നെടുംങ്കണ്ടം, നെറ്റിത്തൊഴു, വലിയതോവാള, വണ്ടൻമേട്, വണ്ടിപ്പെരിയാർ, ശാന്തിഗ്രാം, പാമ്പനാർ, ആനവിലാസം, കഞ്ഞിക്കുഴി, തങ്കമണി, പുളിയൻമല, കരിമ്പൻ, വാഴവര, പീരുമേട്, തേങ്ങാത്തല്ല്, ഹെലിബറിയ, തേക്കടി തുടങ്ങിയവയാണവ.

**2. ഭദ്രാസനത്തിലെ പള്ളികളിൽ ഭൂരിഭാഗവും ഏതെല്ലാം മേഖലകളിലാണ് സ്ഥിതി ചെയ്യുന്നത്?**

പീരുമേട്, ഏലപ്പാറ, കട്ടപ്പന, ഇടുക്കി, വണ്ടൻമേട്, കുമളി, നെടുങ്കണ്ടം എന്നീ മേഖലകളിലാണ് സ്ഥിതി ചെയ്യുന്നത്.

**3. മുൻ ഭദ്രാസനാധിപന്മാർ ആരൊക്കെ?**

പ്രഥമ ഭദ്രാസനാധിപൻ മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്താ ആദ്യത്തെ 9 വർഷക്കാലം ഭദ്രാസനത്തെ നയിച്ചു 1982 മുതൽ 1992 വരെ. ഡോ. മാത്യൂസ് മാർ സേവേറിയോസ് (1992–1994), പൗലോസ് മാർ പക്കോമിയോസ് (1994–2002) എന്നിവരായിരുന്നു പിന്നീടുള്ള സാരഥികൾ. എബ്രഹാം മാർ സേവേറിയോസ് (2002–2004) തുടർന്ന് ഭദ്രാസനത്തെ നയിച്ചു. പാത്രിയർക്കീസ് സഭയിൽ നിന്ന് ഓർത്തഡോക്സ് സഭയിൽ വന്ന ഈ ബിഷപ്പ് പിന്നീട് പാത്രിയർക്കീസ് സഭയിലേക്ക് മടങ്ങിപ്പോയപ്പോൾ പരിശുദ്ധ കാതോലിക്കാ ബാവാ ഇടുക്കി ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുത്തു.

ഔഗേൻ മാർ ദീവന്നാസ്യോസ് 2005 ജൂൺ 29 ന് സാരഥ്യം എറ്റെടുത്തു. എന്നാൽ 2 വർഷത്തിനുള്ളിൽ വാഹനാപകടത്തിൽ തിരുമേനി കാലം ചെയ്തു (2007 ജൂൺ 6 ന്) പിറ്റേന്ന് വാകത്താനം വള്ളിക്കാട്ട് ദയറായിൽ കബറടക്കി തുടർന്ന് നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായുടെ ചുമതലയിലായിരുന്നു ഭദ്രാസനഭരണം, 2009 മാർച്ച് ഒന്നാം തീയതി മാത്യൂസ് മാർ തേവോദോസിയോസ് തിരുമേനി ചാർജ് എടുക്കുന്നതുവരെ എന്ന് അരമന മാനേജർ റവ. ഫാ. കുറിയാക്കോസ് ചാണ്ടി പറഞ്ഞു.

(അഭിവന്ദ്യ മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്ത 2009 മാർച്ച് 1–ാം തീയതിയാണ് ഇടുക്കി ഭദ്രാസനാധിപനായി ചുമതലയേറ്റത്. 2008 സെപ്റ്റംബർ 11–ാം തീയതി കൂടിയ മലങ്കര അസ്സോസിയേഷന് മെത്രാൻ സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുത്ത 7 പുരോഹിതരിൽ ഒരാളായ ഫാ. സ്റ്റീഫൻ O.I.C മറ്റുള്ളവരോടൊപ്പം 2009 ഫെബ്രുവരി 19 ന് പുതുപ്പള്ളി പള്ളിയിൽ നടന്ന ശുശ്രൂഷയിൽ ബിഷപ്പായി അഭിഷിക്തനായി. ദിവസങ്ങൾക്കുള്ളിൽ തന്നെ ഇടുക്കിയുടെ ഇടയനുമായി. 55 കാരനായ തിരുമേനി ഇടുക്കി ഭദ്രാസനത്തിന്റെ ഏഴാമത്തെ ചുമതലക്കാരനാണ്.

എടത്വ സ്വദേശിയായ റവ. ഫാ. സ്റ്റീഫൻ 1987 മുതൽ 9 വർഷം കുന്നംകുളം സെന്റ് ജോൺസ് ഹയർ സെക്കൻണ്ടറി സ്ക്കൂളിന്റെ പ്രിൻസിപ്പലായിരുന്നു. മൂവായിരം കുട്ടികൾ പഠിക്കുന്ന ഈ അൺഎയ്ഡഡ് സ്ക്കൂളിലെ അദ്ധ്യാപൻ കൂടിയായിരുന്നു റവ. ഫാ. സ്റ്റീഫൻ. 1982 ലാണ് പുരോഹിതനായത്. തുമ്പമൺ ഭദ്രാസനത്തിലെ പള്ളികളായ ചിറ്റാർ സെന്റ് ജോർജ്ജ്, ആങ്ങമൂഴി സെന്റ് ജോർജ്ജ്, പെരുനാട് ബഥനി എന്നീ പള്ളികളിലും മലബാർ ഭദ്രാസനത്തിലെ പട്ടാമ്പി സെന്റ് മേരീസ് പള്ളിയിലും വികാരിയായി സേവനമനുഷ്ഠിച്ചു. ഗുജറാത്തിലെ ആനന്ദിൽ 1986–87 ൽ ബി. എഡിന് പഠിക്കുമ്പോൾ ഗാന്ധിധാമിലെ വികാരിയായിരുന്നു.)

**4. പുതിയ ഭദ്രാസനാധിപന്റെ മനസ്സിൽ ഇവിടെ ഭാവിയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതി എന്തെങ്കിലുമുണ്ടോ?**

മുൻ ഭദ്രാസനാധിപൻ ഔഗേൻ മാർ ദിവന്നാസ്യോസ് തിരുമേനിയുടെ കാലത്ത് ഒരു കുടുംബം ഇവിടെ നിന്നും 12 കിലോമീറ്റർ അകലെ നെടുംങ്കണ്ടം റൂട്ടിൽ നെറ്റിത്തൊഴു എന്ന സ്ഥലത്ത് വൃദ്ധസദനം സ്ഥാപിക്കുവാൻ ഒരേക്കർ സ്ഥലം നൽകിയിരുന്നു. അവിടെ വൃദ്ധസദനം സ്ഥാപിക്കണം എന്നുള്ളതാണ് പ്രധാന പദ്ധതി.

**5. അതിനുള്ള പണം ഇപ്പോൾ ഭദ്രാസനത്തിനുണ്ടോ?**

കേരളത്തിനു പുറത്തുള്ള പല പള്ളികളും ഇടുക്കി ഭദ്രാസനത്തിന് പ്രത്യേക പരിഗണന നൽകുന്നുണ്ട്. അങ്ങനെ സഹായധനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**6. ഈ ഭദ്രാസനത്തിൽ ഇപ്പോൾ പുതിയ ഇടവകയ്ക്കു വേണ്ടി കൊടികുത്തിയിൽ പണിതുകൊണ്ടിരിക്കുന്ന പള്ളിയുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കും?**

ഒരു വർഷത്തിനകം പൂർത്തിയാകുമെന്ന് കരുതുന്നു.

**7. ആ പള്ളിയിൽ എത്ര ഇടവകക്കാരുണ്ടാകും? അവർ ഇപ്പോൾ ഏതു പള്ളിയിലാണ് കൂടി നടക്കുന്നത്?**

പുതിയ ഇടവകയിൽ 35 വീട്ടുകാരുണ്ടാകും. ഇപ്പോഴവർ മുണ്ടക്കയത്തിനു സമീപം ഒരു പള്ളിയിലാണ് കൂടി നടക്കുന്നത്.

ഓർത്തഡോക്സ് സഭയിലെ പൗരാണിക ആശ്രമമായ റാന്നി പെരുനാട് ബഥനി ആശ്രമത്തിൽ 15–ാം വയസ്സിൽ കുഞ്ഞ് എന്ന് വിളിപ്പേരുള്ള മാത്യു വർഗീസ് ചേർന്നു. പുരോഹിതനായപ്പോൾ പേര് ഫാ. സ്റ്റീഫൻ എന്നായി. 1918 ൽ ആരംഭിച്ചതാണ് ബഥനി ആശ്രമം. 1996 മുതൽ റവ. ഫാ. സ്റ്റീഫൻ ഒ. ഐ.സി ബഥനി ആശ്രമത്തിന്റെ സുപ്പീരിയറായിരുന്നു.

**8. ബഥനി ആശ്രമത്തിൽ ഇപ്പോൾ എത്ര അംഗങ്ങളുണ്ട്?**

8 ബ്രദേഴ്സ്, 13 പുരോഹിതർ, 2 തിരുമേനിമാർ. (മാവേലിക്കര ഭദ്രാസനാധിപൻ അഭിവന്ദ്യ പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ ബഥനി ആശ്രമാംഗമാണ്)

**9. ഈ ആശ്രമത്തിന്റെ അംഗങ്ങളായി എത്ര ബിഷപ്പുമാർ മുമ്പുണ്ടായിരുന്നു?**

മലങ്കര കത്തോലിക്കാ സഭാ സ്ഥാപകനായ ഈവാനിയോസ് തിരുമേനി ബഥനി ആശ്രമാംഗമായിരുന്നു. 1938 ൽ എപ്പിസ്ക്കോപ്പയാകുകയും 1965 ൽ കാലം ചെയ്യുകയും ചെയ്ത അലക്സിയോസ് മാർ തേവോദോസിയോസ് (മട്ടയ്ക്കൽ തിരുമേനി) ബഥനിയിലെ അംഗമായിരുന്നു. കൊല്ലം ഭദ്രാസനത്തിന്റെ നാലാമത്തെ ഇടയനായിരുന്ന മാർ തേവോദോസ്യോസ് തിരുമേനി 78–ാം വയസ്സിലാണ് കാലം ചെയ്തത്. തിരുമേനിയെ ഇവിടെയാണ് കബറടക്കിയിരിക്കുന്നത്. 1978 ൽ ബിഷപ്പായ യൂഹാനോൻ മാർ അത്താനാസ്യോസ് (കോട്ടയം ഭദ്രാസന സഹായമെത്രാൻ) 1980 ൽ കാലം ചെയ്തപ്പോൾ ഇവിടെ കബറടക്കി. ബിഷപ്പായി വാഴിക്കപ്പെട്ട് 2 വർഷത്തിനുള്ളിൽ കാലം ചെയ്ത തിരുമേനിയും ഇവിടുത്തെ അംഗമായിരുന്നു.

(തുടരും)

വേദനാ-വായനക്കുറിപ്പ് ③



# ആദിയിൽ അങ്ങനെയല്ലായിരുന്നു



ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ

കഴിഞ്ഞ ലക്കത്തിൽ ഈ തലക്കെട്ടിനെ ആധാരമാക്കി കുറിച്ചതു കുടുംബ പശ്ചാത്തലത്തിൽ ആയിരുന്നു. ഈ പ്രാവശ്യം പരാമർശിക്കുവാൻ ആഗ്രഹിക്കുന്നത് സഭാ പശ്ചാത്തലത്തിലാണ്. ആദിയിൽ സഭ എങ്ങനെയായിരുന്നു എന്നുള്ളതിനെ സംബന്ധിച്ച് ആധികാരികമായി അറിവു ലഭിക്കുന്നത് അപ്പോസ്തോല പ്രവൃത്തികളിൽ നിന്നാണ്. ചിലത് മാത്രം സൂചിപ്പിക്കുന്നു.

അപ്പോ : 2 : 42-47.നാല്പത്തിരണ്ടാം വാക്യം സദായിപ്പോഴുമുണ്ടായിരുന്ന താത്പര്യത്തെ വ്യക്തമാക്കുന്നു. പ്രധാന ഘടകങ്ങൾ അപ്പോസ്തോലിക പ്രബോധനം, ക്രിസ്തീയകൂട്ടായ്മ, അപ്പം മുറിക്കൽ(വി. കുർബ്ബാന) പ്രാർത്ഥ എന്നിവയായിരുന്നു. അവർ ഒറ്റ സമൂഹമായി നിലകൊണ്ടു. സ്വാർത്ഥതയില്ലാതെ എല്ലാം പൊതുവക എന്നു കാണുകയും പരസ്പരം പങ്കിടുകയും ചെയ്തു. 47ാം വാക്യത്തിൽ പറയുന്നു ; "എല്ലാ മനുഷ്യരുടേയും സംപ്രീതിക്കു പാത്രമാകുകയും" (പി. ഒ. സി. ബൈബിൾ) ആദിമസഭകളുടെ അതിശ്രേഷ്ഠമായ അനുഭവങ്ങളിൽ ഒന്ന്- എല്ലാ മനുഷ്യരുടേയും സംപ്രീതിക്കു പാത്രമായ സമൂഹമായിരുന്നു എന്നതാണ്. ദൈവജനതയുടെ സാക്ഷിപത്രം.

അമേരിക്കയിലെ ഒരു പ്രൊഫ. റോഡ്നി സ്റ്റാർ എഴുതിയ പുസ്തകം- The Rise of Christianity (ക്രിസ്തീയ സഭയുടെ വളർച്ച) എന്ന ഗ്രന്ഥത്തിൽ പിൽക്കാല ക്രൈസ്തവ സഭയുടെ വളർച്ചയെക്കുറിച്ച് വ്യക്തമാക്കുന്നു. തെരുവുകളിലെയോ ചന്തസ്ഥലങ്ങളിലെയോ പ്രസംഗങ്ങൾ കൊണ്ടല്ല ക്രൈസ്തവ സഭ വളർന്നതെന്നും പ്രത്യുത ദൈവാനുഭവമുള്ള കുടുംബങ്ങളുടെ ദൈവസ്നേഹത്തിലധിഷ്ഠിതമായ സേവന പ്രവർത്തനങ്ങളിലുടെയായിരുന്നു എന്ന് എടുത്ത് പറയുന്നുണ്ട്. ഇത് തെളിയിക്കുവാൻ ചില ഉദാഹരണങ്ങൾ നല്കുന്നുണ്ട്. പകർച്ച വ്യാധികളും മാരകരോഗങ്ങളും പിടിപെട്ടവരെ സ്വന്തക്കാർ തെരുവിലും വിജനപ്രദേശത്തും ഉപേക്ഷിച്ചെന്നും ഇപ്രകാരം ഉപേക്ഷിക്കപ്പെട്ടവരെ ക്രൈസ്തവർ തങ്ങളുടെ ഭവനങ്ങളിൽ സ്വീകരിച്ച് പരിചരിച്ചെന്നും തന്മൂലം പലർക്കും രോഗം പിടിപെട്ടു മരിക്കേണ്ടിവന്നെന്നും അത് അനേകരുടെ കണ്ണുതുറന്നെന്നും ക്രൈസ്തവ വിശ്വാസത്തിലേക്കു കടന്നു വരുവാൻ പ്രേരിപ്പിച്ചെന്നും സമർത്ഥിക്കുന്നുണ്ട്. അതിലെ ഒരു വാചകം ഉദ്ധരിക്കട്ടെ. "They (the early Christians) manifested a God who cares not who cares". മലയാളത്തിൽ ഇപ്രകാരം പറയാമായിരിക്കും – കരുതുന്നവനായ ഒരു ദൈവത്തെ ഉയർത്തികാട്ടി – അല്ലാതെ എനിക്കെന്താ കാര്യം എന്ന മനോഭാവത്തെയല്ല. ദൈവ സ്നേഹത്തെ പ്രതിയുള്ള സേവനപാതയിൽ മരിക്കേണ്ടിവരുന്നതുപോലും ആനന്ദകരമായിരുന്നു. രക്തസാക്ഷിത്വത്തിന്റെ വേറിട്ടൊരനുഭവം. സ്നേഹം – സേവനം – സഹനം – അതും മരണത്തോളം എന്ന ഭാവം മാത്രം. ഇതെല്ലാം ആധുനിക ക്രൈസ്തവ സമൂഹത്തിൽ അന്യം നിന്നു പോയില്ലേ. സഭയെ Multinational Company യുടെ മാതൃകയിൽ കാണുവാനും ആക്കിതീർക്കുവാനും ശ്രമിക്കുന്നിടത്ത് ക്രിസ്തു എവിടെ? അവന്റെ സുവിശേഷം എവിടെ? സഭ ആദായകരമായ പ്രവർത്തനങ്ങളും സ്ഥാപനങ്ങളുമായി മുന്നോട്ടുപോകണമെന്ന് മുറവിളികൂട്ടുന്നവരോട് ക്രിസ്തുവിന്ന പറയുവാനുള്ളത് "നിങ്ങൾ ഏത് ആത്മാവിന് ആധീനർ എന്ന് നിങ്ങൾ അറിയുന്നില്ല" (ലൂക്കോസ് 9, 55) ആയിരിക്കുന്നതും ആകേണ്ടതും തമ്മിലുള്ള അന്തരമാണ് സാക്ഷ്യമില്ലാതാക്കുന്നത്. ഇതു രണ്ടും ഒന്നായിത്തീരുന്നിടത്താണ് ക്രൈസ്തവ സാക്ഷ്യം ശക്തിപ്പെടുന്നതും പൂർണ്ണമാകുന്നതും. ലോകപ്രകാരം സ്വയം നഷ്ടമാക്കലിന്റെ അനുഭവമാണ്. അതുകൊണ്ടാണ് "യേശുക്രിസ്തുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ" എന്ന് പ. പൗലോസ് അപ്പോസ്തോലൻ ഫിലിപ്പ്യ സഭയോട് ആഹ്വാനം ചെയ്യുന്നത് (ഫിലിപ്പ്യർ 2:5) ഒപ്പം യേശുക്രിസ്തുവിന്റെ താഴ്മയുടെയും സ്വയം ത്യാഗത്തിന്റേയും മാതൃക പിൻതുടരുവാൻ ആവശ്യപ്പെടുന്നതും(വാക്യങ്ങൾ 6 മുതൽ 11 വരെ) എന്നു മാത്രമല്ല സ്വഭാവത്തിലൂടെ നിലനിർത്തേണ്ട ക്രൈസ്തവാനുഭവത്തെ എടുത്ത് പറയുന്നതും. അത് "വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ നിങ്ങൾ അനിന്ദ്യരും പരമാർത്ഥികളും ദൈവത്തിന്റെ നിഷ്ക്കളങ്കമക്കളും ആകേണ്ടതിനു എല്ലാം പിറുപിറുപ്പും വാദവും കൂടാതെ ചെയ്‌വീൻ" എന്നുള്ളതാകുന്നു (ഫിലിപ്പ്യർ 2:14) ആദിയിൽ ക്രൈസ്തവ സഭയുടെ കൈമുതൽ – ക്രിസ്തുയേശുവിലുള്ള ഭാവം, കരുതലിന്റേയും പങ്കിടീലിന്റേയും ശ്രേഷ്ഠഭാവം, ദൈവത്തിന്റെ നിഷ്ക്കളങ്ക മക്കളായി നിലനില്ക്കണമെന്ന അഭിവാഞ്ഛയുടെ ഭാവം....... ആദിയിലെ ആദ്ധ്യാത്മികാനുഭവത്തിലേക്ക് തിരുഞ്ഞുനടക്കുവാനുള്ള ആർജ്ജവം ഉണ്ടാകുമോ? ആർക്കറിയാം? പി. ഒ. സി ബൈബിൾ പരിഭാഷ ഇപ്രകാരമാണ് "....... വഴിപിഴച്ചതും വക്രതയുമുള്ളതുമായ തലമുറയുടെയിടയിൽ കുറ്റമറ്റ ദൈവമക്കളാവട്ടെ; അവരുടെ മദ്ധ്യേ ലോകത്തിൽ നിങ്ങൾ വെളിച്ചമായി പ്രകാശിക്കുകയും ചെയ്യട്ടെ". ●

പ്രബോധനശബ്ദത്തിന്റെ കാറ്റുവീണാൽ..പേജ് 9-ൽ നിന്ന് തുടർച്ച

ക്കാനുമെല്ലാം നിരനിരയായി അടുത്തടുത്തുനിന്ന് നിസ്ക്കരിക്കണം. മന്ത്രിയോ സിനിമാ നടനോ വ്യവസായ പ്രമുഖനോ ആരു തന്നെ ആയിരുന്നാലും ആർക്കും പ്രത്യേക സ്ഥാനമോ ഇരിപ്പിടമോ നൽകാറില്ല. അള്ളാഹുവിന്റെ മുൻപിൽ എല്ലാവരും തുല്യർ.

ഈ വെളിച്ചത്തിൽ വേണം ഓർത്തഡോക്സ് ദേവാലയങ്ങളിലെ സ്ഥിതി പരിശോധിക്കാൻ. സഭയുടെ മഹത്തായ അനുശാസനങ്ങളെ ലംഘിക്കുകയോ അവയിൽ വെള്ളം ചേർക്കുകയോ ചെയ്യുന്ന അവസ്ഥ പലയിടത്തും കാണാം. **കസേരകളിലിരുന്ന് ഒരു റിയാലിറ്റി ഷോ കാണുന്ന ലാഘവത്തോടെ വിശുദ്ധ കുർബാനയും മറ്റും വീക്ഷിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.** ഒരു പള്ളിയിൽ ഇവരെ അറിയപ്പെടുന്നത് ചെയർപേഴ്സൺസ് എന്നാണ്. ആരാധനാലയത്തിൽ വരുമ്പോൾ വസ്ത്രധാരണത്തിലും മറ്റും സ്ത്രീകൾ പാലിച്ചിരിക്കേണ്ട മിതത്വവും മാന്യതയും അന്യമായിക്കൊണ്ടിരി .

**ബഹുമതിപൂർവം ഞാൻ നിന്റെ ഭവനത്തിലേക്ക് വന്ന് എന്റെ നേർച്ചകളെ നിനക്ക് കഴിക്കും എന്ന പ്രാർഥന ചൊല്ലി കുരിശു വരച്ചുകൊണ്ട് പള്ളിയകത്തേക്ക് പ്രവേശിക്കുന്ന ഓർത്തഡോക്സ് വിശ്വാസിയിൽനിന്നും അതിന് അനുരൂപമായിട്ടുള്ള പെരുമാറ്റമാണ് ഉണ്ടാവേണ്ടത്.**

ആരാധനാലയങ്ങളിൽ പാലിക്കേണ്ട ആചാര-മര്യാദകളെയും ചട്ടങ്ങളെയും വിമർശനബുദ്ധിയോടെ കാണുന്നവരുമുണ്ട്. ഈ നിയമങ്ങളൊക്കെ എവിടെയെങ്കിലും എഴുതിവച്ചിട്ടുണ്ടോ എന്നു ചോദിക്കുന്നവരുണ്ടാകാം. ഭാര്യാ-ഭർത്താക്കന്മാരായാലും പള്ളിയകത്ത് വേർതിരിച്ചിട്ടുള്ള സ്ഥലത്തു നിൽക്കണമെന്ന രീതിയെക്കുറിച്ച് ഒരു വ്യക്തി പ്രതികരിച്ചത് ഇങ്ങനെയാണ്: ദൈവം യോജിപ്പിച്ചതിനെ നിങ്ങൾ വേർപിരിക്കുകയാണോ?

കാലം വരുത്തിയ മൂല്യശോഷണവും ഞാൻ എന്ന ഭാവത്തിൽ അധിഷ്ഠിതമായ ചിന്താശൈലിയുമൊക്കെ പൊതുനിയമങ്ങളെ അനുസരിക്കുന്നതിലുള്ള വിമുഖതയ്ക്കു കാരണമായി ചൂണ്ടിക്കാണിച്ചേക്കാം. എന്നാൽ, ഒരു പ്രധാന കാരണമായി തോന്നുന്നത് സഭയിൽ പ്രബോധനത്തിന്റെ സ്വരം ദുർബലപ്പെട്ടു പോവുകയോ അതിന് ഊന്നൽ നൽകുന്നതിലുള്ള അലംഭാവം ഏറുകയോ ചെയ്തിരിക്കുന്നു എന്നതാണ്.

സഭാവിശ്വാസവും ദർശനങ്ങളും അനുശാസനകളും സഭാമക്കളിൽ എത്തിക്കാനുള്ള മുഖ്യ ചുമതല വൈദികർക്കാണ്. സഭയെയും വിശ്വാസികളേയും തമ്മിൽ ബന്ധിപ്പിക്കുന്ന മുഖ്യ കണ്ണിയാണ് വൈദികർ. തങ്ങളെ ഭരമേൽപിച്ചിരിക്കുന്ന ഈ ദൗത്യം നിർവഹിക്കുന്നതിൽ അവർ ഊന്നൽ നൽകണം. അനുശാസനകൾ നടപ്പാക്കുന്ന കാര്യത്തിൽ വിശ്വാസികളെയെല്ലാം വലിപ്പ-ച്ചെറുപ്പം കൂടാതെ ഒരുപോലെ കാണാനും അവർ കഴിയണം; മറിച്ചായാൽ അതു വിവേചനപരവും അധാർമികവും ആയിരിക്കും.

എന്നാൽ ഇതിന് ഒരു മറുവശം കൂടിയുണ്ട്. സഭയുടെ നിർദ്ദേശങ്ങളും അനുശാസനകളും കലർപ്പില്ലാതെയും വിവേചനമില്ലാതെയും നടപ്പിലാക്കാൻ മുതിരുന്ന വൈദികരെ എതിർക്കുകയോ ഒറ്റപ്പെടുത്തുകയോ നാടു കടത്തുകയോ ചെയ്യാൻ മുതിരുന്ന ഇടവകകളും ഉണ്ട് എന്ന സത്യം നാം കാണാതിരുന്നുകൂടാ. ഏതാനും ഇടവകക്കാരുടെയോ പള്ളിക്കമ്മിറ്റിയിലെ ചില സ്ഥാപിത താൽ പര്യക്കാരുടെയോ ഇംഗിതത്തിന് വഴങ്ങാത്ത വൈദികരെ ശത്രുപക്ഷത്തു കാണുന്ന സംഭവങ്ങളും കുറവല്ല. അതിനാൽ ചില വൈദികർ മൗനം ഭൂഷണമാക്കുകയോ ഒഴുക്കിനുസരിച്ചു നീന്തുകയോ ചെയ്യാറുണ്ട്.

പക്ഷെ, പ്രബോധനങ്ങൾ നൽകാൻ ചുമതലപ്പെട്ടവരായ വൈദികർ ആ കടമ നിർവഹിക്കുന്നതിൽ പിന്നോക്കം പോകുന്നുണ്ട്. മേൽപട്ടക്കാരും ഈ വിഷയങ്ങൾക്ക് ഊന്നൽ നൽകുകയും സഭയുടെ ദൗത്യം നിർവഹിക്കുന്നതിൽ ജാഗ്രത പുലർത്തുന്ന വൈദികർക്ക് ആവശ്യമായ ധാർമ്മിക പിന്തുണ നൽകി അവരെ ബലപ്പെടുത്തുകയും വേണം. വിശ്വാസികളും വൈദികരും മേൽപട്ടക്കാരനും പ്രബോധന കാര്യത്തിൽ ഒരുപോലെ നിഷ്ഠയും ശുഷ്ക്കാന്തിയും പുലർത്തുമ്പോഴാണ് സഭയുടെ വിശ്വാസാചരങ്ങളും ദർശനങ്ങളും വരും തലമുറകളിലേക്ക് അവയുടെ അന്ത:സത്ത ചോർന്നുപോകാതെ എത്തിക്കാനാവുക.

അഭി. ഒസ്താത്തിയോസ് തിരുമേനിയുടെ വാക്കുകൾക്ക് വീണ്ടും ചെവികൊടുക്കാം.

ഇപ്രകാരമുള്ള തെറ്റുകൾ ഓർത്തഡോക്സ് സഭയിൽ വ്യാപിക്കാതിരിക്കാൻ ആത്മീയമായ ഉണർവ് സഭയിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ധാരാളം ആഭരണങ്ങൾ ധരിച്ചു വരുന്ന മണവാട്ടിയുടെ അധിക ആഭരണങ്ങൾ ഊരിവെക്കുവാൻ നിർദ്ദേശിക്കുന്നതിന് സഭയ്ക്ക് സാധിക്കുന്നത് സഭ സഭയായി മാറുമ്പോഴാണ് ഇത്തരം പ്രബോധന ശബ്ദമുള്ള ആത്മീയാചാര്യന്മാർ സഭയിൽ വർധിച്ചു വരട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം. അതോടൊപ്പം, എന്റെ ആലയം പ്രാർത്ഥനാലയം എന്ന് വിളിക്കപ്പെടും എന്ന കർതൃശാസനയെ അനുസരിക്കുന്ന വിശ്വാസികളുടെ എണ്ണവും ഏറി വരട്ടെ എന്ന് പ്രത്യാശിക്കാം. ●

## നോമ്പിൽ മത്സ്യം നിഷിദ്ധമല്ല എന്ന കല്പന

**ജോസ് കുര്യൻ പുളിയേരിൽ**

**കത്തുകൾ**

ശ്രീ. പോൾ മണലിൽ എഴുതിയ വിവാഹത്തിന് മദ്യം വിളമ്പണമോ എന്ന ലേഖനം അതിന്റെ പിന്നിലുള്ള പ്രവാചക ശബ്ദത്തിന് കാതോർത്ത് "പാടില്ലാ" എന്ന പരിശുദ്ധ സഭയുടെ പഠിപ്പിക്കലിന് അടിവരയിടട്ടെ. പ്രസ്തുത അകപൊരുളിൽ "നോമ്പ് കാലത്ത് മത്സ്യം നിഷിദ്ധമല്ല" എന്ന് കല്പനയുണ്ടായതായി പരാമർശിച്ചിരിക്കുന്നു. ഭാഗ്യസ്മരണാർഹനും പരിശുദ്ധനുമായ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ കാലത്ത് കേരളത്തിൽ കടുംക്ഷാമവും ഭക്ഷണപ്രശ്നവുമുണ്ടായി. അന്ന് പരിശുദ്ധ സഭ വിഭാഗീയതകൾ ഇല്ലാതെ ഒന്നായി നിൽക്കുന്ന കാലമായിരുന്നതിനാൽ പരിശുദ്ധ സഭയിൽപ്പെടുന്ന ബഹുഭൂരിപക്ഷം സാധാരണക്കാരിൽ സാധാരണക്കാരായ പട്ടിണി പാവങ്ങൾക്ക് ലഭ്യമായിക്കൊണ്ടിരുന്ന മരച്ചീനി(കപ്പ) കഴിക്കാൻ അല്പം ചാളക്കറി (മത്തിക്കറി) കൂടി കഴിക്കാൻ അനുവദിച്ചാലോ എന്ന് അന്നത്തെ പാത്രിയർക്കീസ് ബാവായായി മലങ്കര സഭ അംഗീകരിച്ചുപോന്ന പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ ബാവായോട് അഭിപ്രായം ചോദിച്ചപ്പോൾ അനുകൂലമായി ഒരു കല്പന മലങ്കരസഭയിൽ പ്രചരിച്ചുവെന്നത് സത്യമാണെങ്കിലും അന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഒരു താത്ക്കാലിക അനുവാദം മാത്രമായിരുന്നു. അല്ലാതെ ഒരു സ്ഥിരം സംവിധാനത്തിനുള്ള കല്പന അല്ലായിരുന്നുവെന്ന് വ്യക്തമായി സ്മരിക്കുന്നു.

MALANKARASABHA PATHRIKA
Catholicate Offce, Devalokam, Kottayam 686 038, Kerala, India. Tel: 0481-2578500
BI-WEEKLY വാർഷിക വരിസംഖ്യ 100 രൂപ
Reg. No. KERMAL 12481/11/1/2005-TC
Registered
Postal Reg. No. KL/KTM/647/2009-011
sabhapathrika@yahoo.co.in
Linc No. KL/CR/KTM/WPP-78/09-11
Licensed to Post Without Prepayment

# വ്യത്യസ്തതയുടെ കുസൃതിക്കൂട്ടം



അബുദാബി: കുട്ടികളിൽ ആവേശത്തിരയിളക്കി കുസൃതികൂട്ടം സമാപിച്ചു. ജൈവവൈവിധ്യ വർഷമായ 2010 ൽ 'എന്റെ ഭൂമി, എന്റെ ജീവൻ' എന്ന സന്ദേശം നൽകി അബുദാബി യുവജനപ്രസ്ഥാനം രൂപം കൊടുത്ത കുസൃതികൂട്ടം കുട്ടികളിൽ ഉത്സവാവേശമുണർത്തി. കേരള മണ്ണിൽ നിന്ന് നഷ്ടമാകുന്ന വയൽ,കണ്ടൽ, കാവ്, ആശാൻ പള്ളികൂടം എന്നീ പേരുകളിലുള്ള നാലു മൂലകളിലായിട്ടാണ് ക്ലാസുകൾ ക്രമീകരിച്ചത്. കാടിനെ സംരക്ഷിക്കാനും, ഭുമിയിലെ ജൈവ വൈവിധ്യം നിലനിർത്താനുമുള്ള സന്ദേശം നിറഞ്ഞ ലഘുനാടകം കൊച്ചു കൂട്ടുകാർക്ക് പുത്തൻ അനുഭവമായി. കുട്ടികൾ തന്നെ വാർത്തകൾ ശേഖരിച്ചു പ്രസിദ്ധീകരിച്ച കുസൃതി കിഡ്സ് ഡെയിലി സമാപന സമ്മേളനത്തിൽ പ്രകാശനം ചെയ്തത് വിസ്മയമായി.

# ചരിത്രത്തെ വർണ്ണിക്കുമ്പോൾ അതിന്റെ ആത്മാവിനെകണ്ടെത്തണം:

## ഡോ.സഖറിയാസ് മാർ അപ്രേം



ദുബായ്: ഇന്നുള്ള ഭരണക്രമം ജനാധിപത്യത്തിന്റെയും എപ്പിസ്ക്കോപ്പസിയുടെയും സമന്വയമാണ്. മാർത്തോമ്മാ സ്മൃതിയിലൂടെ ചരിത്രത്തെ വ്യാഖ്യാനം ചെയ്യണം. ചരിത്രത്തെ വർണിക്കുമ്പോൾ അതിന്റെ ആത്മാവിനെ കണ്ടെത്തണമെന്ന് ഡോ. സഖറിയാസ് മാർ അപ്രേം പറഞ്ഞു. ദുബായ് സെന്റ് തോമസ് കത്തീഡ്രൽ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടത്തിയ മാർത്തോമ്മാ സ്മൃതി സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മാർ അപ്രേം. സഭ വളരണമെങ്കിൽ ഇന്നത്തെ ചില നിലപാടുകളിൽ മാറ്റം വരുത്തണമെന്നും അഭിവന്ദ്യ തിരുമേനി ചൂണ്ടികാട്ടി. വികാരി ഫാ. ബിജു. പി. തോമസ്, ഫാ. അജു എബ്രഹാം, മേരി ദാസൻ തോമസ്, ജോൺ പി. ജോർജ്ജ്, തോമസ് മാത്യൂ, സുനിൽ ഡേവിഡ് എന്നിവർ പ്രസംഗിച്ചു.

# ദീപ്തി എം. ജോർജ്ജ്



ബാംഗ്ലൂർ : സൺഡേ സ്കൂൾ 10-ാം ക്ലാസ് പരീക്ഷയിൽ 4-ാം റാങ്കും, ബാഗ്ലൂർ ഡിസ്ട്രിക്റ്റ് തലത്തിൽ 2-ാം റാങ്കും നേടിയ ദീപ്തി എം. ജോർജ് ഡിസ്ട്രിക്റ്റ് തലത്തിൽ വേദവാക്യ മൽസരത്തിൽ ഒന്നാം സ്ഥാനവും, ഉപന്യാസമത്സരത്തിൽ മൂന്നാം സ്ഥാനവും, സോണലിൽ പ്രസംഗ മൽസരത്തിൽ 2-ാം സ്ഥാനവും ലഭിച്ചിരിക്കുന്നു. ഇന്ദിരാനഗർ സെന്റ് ജോർജ്ജ് ഇടവകാംഗമായ ജോർജ്ജ് ചെറിയാന്റെയും, ലൈലയുടെയും മകളാണ്.

# സൗദി അറേബ്യയിലെ ഒ. വി. ബി. എസ് : മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ സമാപന സന്ദേശം നൽകി

റിയാദ്: സൗദി അറേബ്യയിലെ ഒ. വി. ബി. എസ്. കുട്ടികൾക്ക് ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് ജൂലൈ 9 -ാം തീയതി ഇൻഡ്യൻ സമയം 2.30 ന് സമാപന സന്ദേശം നൽകി. പരുമല സെമിനാരിയിലെ സ്ററുഡിയോയിൽ ഇരുന്നുകൊണ്ട് ഗ്രീഗോറിയൻ വെബ് ടി. വിയിലൂടെയാണ് സമാപന പ്രസംഗം നടത്തിയത്. സൺഡേ സ്ക്കൂൾ ഡയറക്ടർ ജനറൽ ഫാ. ഡോ. ഒ. തോമസ് മുഖ്യ പ്രഭാഷണം നടത്തി. സൗദി അറേബ്യയിലെ അനേകം കുട്ടികൾ ഒ. വി. ബി. എസ്. പങ്കെടുത്തിരുന്നു.

# കുടുംബത്തിന്റെ ഭാഷ സ്നേഹത്തിന്റെ ഭാഷയാകണം

## ഡോ. ഗ്രേസ് ലാൽ

അബുദാബി : കുടുംബത്തിനൊരു ഭാഷയുണ്ടാകണം. കുടുംബത്തിന്റെ ഭാഷ സ്നേഹത്തിന്റെ ഭാഷയാകണം. യുക്തി കുടുംബത്തിന്റെ ഭാഷയല്ല. എല്ലാ യുക്തിയേയും കടത്തിവെട്ടുന്ന ഹൃദയത്തിന്റെ ഭാഷ ശീലിക്കണം നമ്മൾ. അബുദാബി സെന്റ് ജോർജ്ജ് കത്തീഡ്രലിൽ സംഘടിപ്പിച്ച കൗൺസലിംഗ് ക്ലാസ്സിൽ സംസാരിക്കുകയായിരുന്നു മനഃശാസ്ത്രജ്ഞയായ ഡോ. ഗ്രേസ് ലാൽ.



ഡബ്ല്യു.സി.സി. ജനറൽ സെക്രട്ടറി റഷ്യൻ പാത്രിയർക്കീസ് പരിശുദ്ധ കിറിൽ ബാവായുമായി കൂടിക്കാഴ്ച നടത്തുന്നു

# ഗൾഫ് ഓർത്തഡോക്സ് യുവജന സമ്മേളനം അബുദാബിയിൽ

അബുദാബി : അഞ്ചാമത് ഗൾഫ് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം വാർഷിക സമ്മേളനം ഈ വർഷം അബുദാബി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് കത്തീഡ്രലിൽ നടക്കും. സമ്മേളത്തിൽ പങ്കെടുക്കുന്ന പ്രതിനിധികളുടെ സൗകര്യാർത്ഥം ചെറിയ പെരുന്നാളിനോട് അനുബന്ധിച്ചുള്ള അവധി ദിവസങ്ങളിലായിട്ടാണ് സമ്മേളനം ക്രമീകരിച്ചിരിക്കുന്നത്. സമാധാനത്തിന്റെ വൈരുദ്ധ്യാത്മികത എന്നതാണ് വിഷയം. ഇതിനെ ആസ്പദമാക്കി പ്രമുഖർ നയിക്കുന്ന സെമിനാറുകളും ചർച്ചാക്ലാസ്സുകളും ഉണ്ടായിരിക്കും. അംഗങ്ങൾ അവതരിപ്പിക്കുന്ന കലാപരിപാടികൾ കരകൗശലപ്രദർശനം എന്നിവ നടത്തപ്പെടും. സമ്മേളനത്തിന്റെ നടത്തിപ്പിനായിട്ട് പരിശുദ്ധ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ മുഖ്യ രക്ഷാധികാരി, അഭിവന്ദ്യ ഇയ്യോബ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ രക്ഷാധികാരി, അഭിവന്ദ്യ യൂഹാനോൻ മാർ പോളികർപ്പോസ് മെത്രാപ്പോലീത്താ പ്രസിഡണ്ട്, ഇടവക വികാരി റവ. ഫാ. ജോൺസൺ ഡാനിയേൽ ചെയർമാൻ, ട്രസ്റ്റി ശ്രീ. പി. ജി. ഇട്ടിപ്പണിക്കർ, സെക്രട്ടറി ശ്രീ. എ. ജെ. ജോയിക്കുട്ടി, ജനറൽ കൺവീനേഴ്സ് ശ്രീ. ജോൺ സാമുവേൽ, ജോയിന്റ് ജനറൽ കൺവീനർ, ശ്രീ. തോമസ് ജോർജ്ജ് ഗൾഫ് റീജണൽ സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ ഒരു കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്.

സമ്മേളനത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്കുള്ള രജിസ്റ്റർ ഫോം www.goyc2010.com എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

# എ. ജി. ജോസഫ് റമ്പാൻ ചെങ്ങമനാട് ആശ്രമം സുപ്പീരിയർ



കൊട്ടാരക്കര : ചെങ്ങമനാട് ബേതലഹേം ആശ്രമത്തിന്റെ സുപ്പീരിയറായി തെരഞ്ഞെടുക്കപ്പെട്ട എ. ജി. ജോസഫ് റമ്പാൻ (58) തിരുവനന്തപുരം ഭദ്രാസനത്തിൽപ്പെട്ട ചെങ്കുളം സെന്റ് ജോർജ്ജ് പള്ളിയിലെ അംഗമാണ്. പരുമല സെമിനാരി അസിസ്റ്റന്റ് മാനേജരായും വള്ളിക്കാട്ട് ദയറായുടെയും തിരുവനന്തപുരം അരമനയുടെയും മാനേജരായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇടമൺ, ഒറ്റക്കൽ, തെന്മല, വാളകം, അമ്പലക്കര, തിരുമംഗലം, ചണ്ണപ്പേട്ട, തഴമേൽ, മീൻകുളം, പെരുങ്കുഴി, നീലേശ്വരം, അരിങ്കട, അയപന്നൂർ, പാമ്പനാർ(ഇടുക്കി) എന്നീ ഇടവകകളിൽ വികാരിയായിരുന്നിട്ടുണ്ട്. ഇപ്പോൾ ചക്കുവരയ്ക്കൽ മാർ അപ്രേം പള്ളി വികാരിയാണ്.

# ഡാളസ്സിൽ ഹെസ്ക്കൂൾ ഗ്രാജ്വേറ്റ്സിനെ അനുമോദിച്ചു



ഡാളസ്സ് (ടെക്സാസ്): ഡാളസ്സിലെ പ്രമുഖ ഓർത്തഡോക്സ് ദേവാലയങ്ങളിലൊന്നായ ഗാർലന്റ് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിൽ 2009 -2010 അധ്യായനവർഷം ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ഇടവകാംഗങ്ങളായ വിദ്യാർത്ഥികളെ ഇടവകയുടെ നേതൃത്വത്തിൽ അനുമോദിച്ചു. അമേരിക്കയുടെ സ്വാതന്ത്ര്യദിനമായ ജൂലൈ 4 ന് ഇടവക വികാരി ഫാ. രാജു എം. ഡാനിയേലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ അനുമോദന യോഗത്തിൽ ഇടവക സെക്രട്ടറി മാത്യു ജോർജ്ജ്, ഫിലിപ്പ് തോമസ്, അലക്സ് അലക്സാണ്ടർ, ജോർജ്ജ് സാമുവേൽ തുടങ്ങിയവർ പ്രസംഗിച്ചു. ഗ്രാജ്വേറ്റ്സായ ഒരോത്തരും തങ്ങളുടെ ആത്മീയവും വിദ്യാഭ്യാസപരമായ വളർച്ചയുടെ വിവിധ ഘട്ടത്തിൽ ഇടവക ചെലുത്തിയ പങ്കിനെ പ്രതിപാദിച്ച് കൊണ്ട് സംസാരിച്ചു.

Typesetting & Layout: Bijimon

Chief Editor & Owner: Dr. George Joseph (Sabha Secretary), Department of Public Relations, Malankara Orthodox Syrian Church, Kottayam. Printer, Publisher and Editor In-Charge: Dr. Jose Parakadavil,
Printed at the Catholicate Press, Devalokam, Kottayam - 38. Fax: 0481 2573850. E-mail: sabhapathrika@yahoo.co.in